# ബാലസാഹിത്യ ഗ്രന്ഥാവലി

# ഏഴ് അത്ഭുതങ്ങൾ

MUNAVIRUL ISLAM HIGH SCHOOL,
Date.................
ERNAKULAM.



സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, കേരളം.

ബാ

ബാല സാഹിത്യ ഗ്രന്ഥാവലി

MUNAVIRUL ISLAM HIGH SCHOOL
Date..............
★ ERNAKULAM. ★

# ഏഴ് അത്ഭുതങ്ങൾ

**1971—1972**

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ**

**തിരുവനന്തപുരം**

# ഉള്ളടക്കം


| അദ്ധ്യായം | പേജ് |
|---|---|
| 1 അലക്സാണ്ഡ്റിയായിലെ ദീപസ്തംഭം. | 1 |
| 2 ബാബിലോണിലെ പൂന്തോട്ടം. | 9 |
| 3 ഒളിമ്പിയായിലെ സ്യൂസ് ദേവന്റെ പ്രതിമ. | 14 |
| 4 മൗസോളസ് രാജാവിന്റെ ശവകുടീരം. | 22 |
| 5 റോഡ്സിലെ സൂര്യദേവന്റെ പ്രതിമ. | 27 |
| 6 ഈജിപ്റ്റിലെ ശവകുടീരങ്ങൾ. | 31 |
| 7 ചൈനയിലെ വൻമതിൽ. | 37 |

# ആമുഖം

1971 ജൂൺ–ജൂലായ് മാസങ്ങളിൽ സ്റേററ് ഇൻസ്ററിററ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ വച്ച് ഒരു ബാലസാഹിത്യ രചനാലയം സംഘടിപ്പിച്ചു. സാഹിത്യകാരന്മാരായ പതിനേഴ് അദ്ധ്യാപകർ അതിൽ പങ്കുകൊണ്ടിരുന്നു. അവരുടെ ശ്രമഫലമായി രൂപം കൊണ്ട ഗ്രന്ഥങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

പ്രൈമറി വിദ്യാർത്ഥികൾക്കു വേണ്ടി രചിച്ചവയാണ് ഈ ഗ്രന്ഥങ്ങൾ. വിദ്യാർത്ഥികൾക്കു വായനയിലുള്ള ശീലവും താൽപര്യവും വളർത്തുവാൻ ഈ കൃതികൾ ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

ഡയറക്ടർ

സ്റേററ് ഇൻസ്ററിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ

## 1971–1972 ലെ

### പുസ്തക രചനാലയത്തിൽ പങ്കു കൊണ്ടവർ

1. ശ്രീ. വി. കെ. ബാലചന്ദ്രൻ
2. ,, മണിയൂർ ഇ. ബാലൻ
3. ,, എൻ. ഭാസ്കരപിള്ള
4. ,, സി. എൻ. ഗംഗാധരൻ നായർ
5. ,, പി. ഗോപാലകൃഷ്ണൻ നായർ
6. ,, ജെയിംസ് മണിമല
7. ,, ജോസഫ് കുറവിലങ്ങാട്ട്
8. ,, എൻ. കൃഷ്ണൻകുട്ടി
9. ,, സി. പി. കുഞ്ഞിരാമപ്പൊതുവാൾ
10. ,, കുര്യൻ വേമ്പനി
11. ,, എ. നാരായണൻ എംബ്രാന്തിരി
12. ,, കെ. വി. രാമനാഥൻ
13. ,, സി. കെ. ശ്രീവത്സൻ
14. ,, കെ. സുകുമാരൻ നായർ
15. ,, എൻ. വാസുദേവൻ നമ്പ്യാതിരി
16. ,, കെ. വേലായുധൻ

# 1

# അലക്സാണ്ഡ്റിയായിലെ ദീപസ്തംഭം

ഈജിപ്തിന്റെ പ്രധാന തുറമുഖമാണു അലക്സാണ്ഡ്റിയ. അതിന്റെ സ്ഥാപകൻ മഹാനായ അലക്സാണ്ഡർ ചക്രവത്തിയാണ്. അദ്ദേഹത്തിന്റെ സ്മാരകമായി ആ നഗരം ഇന്നും നില കൊള്ളുന്നു. ഈജിപ്ത് രാജ്യവും ആക്രമിച്ചു കൈവശപ്പെടുത്തി തന്റെ സാമ്രാജ്യം വിസ്തൃതമാക്കുക യെന്നുള്ളതായിരുന്നു ആ യവന ചക്രവത്തിയുടെ ആഗ്രഹം. സൈന്യസന്നാഹത്തോടുകൂടി അദ്ദേഹം ഈജിപ്തിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ യുദ്ധ സാമത്ഥ്യത്തിന്റെ മുമ്പിൽ ഈജിപ്ത് തല കുനിച്ചു. ഈജിപ്ത് മാസിഡോണിയൻ സാമ്രാജ്യത്തിന്റെ ഒരു ഭാഗമായിത്തീന്നു.

മെഡിററേനിയൻ കടലിന്റെ തീരത്തു അലസമായി ഉറങ്ങിക്കിടന്നിരുന്ന ഒരു കൊച്ചു തുറമുഖമായിരുന്നു അന്നു അലക്സാണ്ഡ്റിയ. അതിനെ ഒരു വലിയ തുറമുഖപ്പട്ടണമായി ഉയത്തണമെന്നു അലക്സാണ്ഡർക്കു തോന്നി. ആവശ്യമായ പ്രകൃതി സൗകര്യങ്ങൾ അതിന്നുണ്ടായിരുന്നു ഉടൻതന്നെ ഡിനോക്രാററസിനെ അദ്ദേഹം ആളയച്ചു വരുത്തി.

ആരായിരുന്നു ഡിനോക്രാററസ്? പറയാം. അദ്ദേഹം സുപ്രസിദ്ധനായ യനവശില്പിയായിരുന്നു. മാസിഡോണിയയിലെ

ജനങ്ങൾ ബഹുമാനിച്ചിരുന്ന ശില്പ കലാവിദഗ്ദ്ധൻ. അദ്ദേഹത്തിന്റെ സൃഷ്ടിയാണ് ആർട്ടെമിസ് ദേവിയുടെ ക്ഷേത്രം. ചക്രവർത്തിയുടെ ആജ്ഞാനുസരണം ഡിനോക്രാറ്റസ് ഈജിപ്റ്റിലെത്തി. ഒരു പുതിയ പട്ടണം സ്ഥാപിക്കുന്നതിനു വേണ്ട പദ്ധതി തയ്യാറാക്കുവാൻ ചക്രവർത്തി ആ കലാകാരനോടു ആവശ്യപ്പെട്ടു. അദ്ദേഹം ആ സ്ഥലത്തു് ഉയരേണ്ട പുതിയ നഗരത്തിന്റെ പ്ളാൻ തയ്യാറാക്കി. പണിയുടെ നേതൃത്വം ഏറ്റെടുത്തു. അങ്ങനെ അലക്സാണ്ഡ്റിയ എന്നൊരു പുതിയ പട്ടണം മെഡിററേനിയൻ കടലിന്റെ തീരത്തു് ഈജിപ്റ്റിന്റെ മണ്ണിൽ രൂപംകൊണ്ടു. ഡിനോക്രാറ്റസിന്റെ ഭാവന രൂപം കൊണ്ടതായിരുന്നു അതു്. ഈ നഗരം നിർമ്മിച്ചതു് ഫറാസ് എന്ന കൊച്ചു ദ്വീപിലായിരുന്നു. അന്നു് അതു ഈജിപ്റ്റിൽ നിന്നും വേർപെട്ടു കിടന്നിരുന്നു. അതിനെ അദ്ദേഹം ഒരു നാഴികയോളം നീളമുള്ള ഒരു പാലം നിർമ്മിച്ചു വൻ കരയോടു ഇണക്കിച്ചേർത്തു.

ഡിനോക്രാറ്റസിന്റെ പ്രസിദ്ധനായ ശിഷ്യനാണ് സൊസ്ട്രാറ്റസ്. അദ്ദേഹം നിർമ്മിച്ചതാണ് അലക്സാണ്ഡ്റിയയിലെ സുപ്രസിദ്ധമായ ദീപസ്തംഭം. ലോകത്തിലെ ആദ്യത്തെ വിളക്കുമരം ഇതാണെന്നു കരുതപ്പെടുന്നു.

ഈ ദീപസ്തംഭം നിർമ്മിച്ചതിന്റെ പുറകിൽ ദുരിതം നിറഞ്ഞ ഒരു കഥയുണ്ടു് സൊസ്ട്രാറ്റസ് അന്നു യുവാവായിരുന്നു. ആരോഗ്യം നിറഞ്ഞ ശരീരവും ഉന്നതമായ ഭാവനാ സമ്പത്തും ഒത്തിണങ്ങിയ ഒരു അസാമാന്യ ബുദ്ധിമാൻ. ആതൻസ് നഗരത്തിലെ ഒരു യുവതിയെ അയാൾ സ്നേഹിച്ചിരുന്നു. അവരുടെ വിവാഹം നിശ്ചയിക്കപ്പെട്ടു. ആ ദിവസം അടുത്തടുത്തു വരികയായിരുന്നു. ഒരു ദിവസം ആ സുന്ദരിപ്പെണ്ണും അവളുടെ മാതാപിതാക്കന്മാരും മററു ബന്ധുക്കളും ഗ്രീസിൽ നിന്നു് ഈജി

പ്തിലേക്കു യാത്ര തിരിച്ചു. ഗ്രീസിനും ഈജിപ്തിനും ഇടയ്ക്കുള്ള സമുദ്രം അവർക്കു കടക്കേണ്ടതായിരുന്നു. ഈജിപ്തിനോടു അവർ അടുത്തപ്പോൾ അതു വരെ ശാന്തമായിരുന്ന സമുദ്രത്തിന്റെ ഭാവം മാറി. ശക്തിയായി കാററു വീശിത്തുടങ്ങി. വായും പിളർന്നു തിരമാലകൾ കടലിൽ എങ്ങും പാഞ്ഞു നടന്നു. സമയം അർദ്ധ രാത്രിയോടു അടുക്കുകയായിരുന്നു. ഭയങ്കരമായ ഇരുട്ട്! ഒന്നും കണ്ടു കൂടാ........ലക്ഷ്യം തെററി കപ്പൽ എങ്ങോട്ടോ പാഞ്ഞു. അതിൽ നിന്നു് യാത്രക്കാരുടെ ദീനരോദനം ഉയർന്നു. കരയിൽ ആരും അതു കേട്ടില്ല. യാതൊരു സഹായവും കരയിൽ നിന്നു് കപ്പൽ യാത്രക്കാർക്കു എത്തിച്ചേർന്നതുമില്ല.

നേരം പ്രഭാതമായി. കിഴക്കൻ ചക്രവാളത്തിൽ പ്രകാശം പരന്നു. സൊസ്ട്രാററസും ബന്ധുക്കളും ദാരുണമായ ഒരു വാർത്ത കേട്ടാണു അന്നുണർന്നതു്. സൊസ്ട്രാററസിന്റെ വധുവും മാതാപിതാക്കന്മാരും മററു ബന്ധുക്കളും കപ്പൽ ഉടഞ്ഞു മരിച്ചു പോയിരിക്കുന്നു. കടലിൽ ഉയർന്നു നിന്നിരുന്ന പാറക്കൂട്ടത്തിൽ ചെന്നു മുട്ടി കപ്പൽ തകർന്നു പോയിരിക്കുന്നു. സൊസ്ട്രാററസിനു ഈ ദുഃഖം സഹിക്കുവാൻ കഴിഞ്ഞില്ല. അയാൾ പ്രവൃത്തനങ്ങളിൽ വിമുഖനായി. അലസനായി സമയം കഴിച്ചുകൂട്ടി. ഈ സംഭവത്തെ ഓർമ്മിച്ചു നെടുവീർപ്പിട്ടും പൊട്ടിക്കരഞ്ഞും അയാൾ നാളുകൾ നീക്കി.

മാസങ്ങൾ പലതു കഴിഞ്ഞു. കാലത്തിനു് അയാളുടെ ദുഃഖത്തിന്റെ ഭാരം കുറയ്ക്കുവാൻ കഴിഞ്ഞില്ല. എപ്പോഴും ദുഃഖിതനായി അയാൾ കാണപ്പെട്ടു. മിന്നിത്തിളങ്ങിയ നക്ഷത്രങ്ങളോ പൊട്ടി വിടർന്ന പ്രഭാതമോ ആ കലാകാരനെ ആകർഷിച്ചില്ല. ജനാലയുടെ അടുത്തു വിടർന്നു വായുവിൽ തലയാട്ടി രസിച്ചു നിന്ന മാസിഡോണിയൻ പുഷ്പങ്ങൾ അദ്ദേഹത്തെ ആഹ്ളാദിപ്പിച്ചില്ല. ഈജിപ്തിന്റെ വെള്ള മണലിൽ വീണു വെണ്മയുടെ

പ്രകാശം പരത്തിയിരുന്ന നറു നിലാവും അയാൾക്കു വേദന മാത്ര മാണു പകർന്നു കൊടുത്തതു്. നീണ്ട നിരാശയിൽ നീറി നീറി കഴിയുകയായിരുന്നു ആ യവന ശില്പി.

ഒരു രാത്രിയിൽ ആകാശം നിർമ്മലമായിരുന്നു. നറു നിലാവു എങ്ങും പരന്നിരുന്നു. നൈൽ നദിയുടെ തീരത്തു നിന്നു് കുളിർ കാററു വീശിക്കൊണ്ടിരുന്നു. മെഡിററേനിയൻ കടലിലെ തിരമാലകൾ ഉറങ്ങിക്കഴിഞ്ഞിരിക്കണം. വലിയ ശബ്ദം അവിടെ നിന്നു് കേൾക്കുന്നില്ലായിരുന്നു. ഒരു വിളക്കിൻെറ മുമ്പിൽ സൊസ്ട്രാററസ് കുനിഞ്ഞിരിക്കുകയാണു്. ഇപ്പോഴും കനത്ത ദുഃഖത്തിൻെറ ഭാരം കൊണ്ടു ആ തല കുനിഞ്ഞിരിക്കുന്നു! അതാ ദീർഘകായനായ ഡിനോക്രാററസ് വരുന്നു. നീണ്ട താടി തടവിക്കൊണ്ടു് ആ ഗുരുനാഥൻ ശിഷ്യൻെറ മുമ്പിൽ നിന്നു.

"സൊസ്ട്രാററസ്" ...... അദ്ദേഹം വിളിച്ചു. ഗുരുവിൻെറ ശബ്ദം കേട്ടപ്പോൾ പൊട്ടിക്കരഞ്ഞു കൊണ്ടു് അയാൾ എണീററു. ഗുരുവിൻെറ പാദങ്ങളിൽ നമസ്കരിച്ചു.

ഗുരു പറഞ്ഞു, "നിന്നോടു് എനിക്കു് ഒരു കാര്യം പറയുവാനുണ്ടു്. നീ അതു ശ്രദ്ധിച്ചു കേൾക്കണം. അതു നിനക്കു ആശ്വാസം തരും."

"ഗുരോ, എന്താണതു്...?" സൊസ്ട്രാററസ് ചോദിച്ചു: "അങ്ങയുടെ ഏതാജ്ഞയും എപ്പോഴും അനുസരിക്കുവാൻ ഞാൻ സന്നദ്ധനാണെന്നു അങ്ങേയ്ക്കു അറിയാമല്ലോ..."

"സൊസ്ട്രാററസ്, നീ ഗ്രീസിൻെറ അഭിമാനമാണു്. നിന്നിൽനിന്നു് ഞാൻ പലതും പ്രതീക്ഷിക്കുന്നു. നീ വിദഗ്ദ്ധനായ ശില്പിയാണു്. നിൻെറ സൗന്ദര്യബോധം അളന്നു നോക്കുവാൻ എനിക്കുപോലും കഴിഞ്ഞിട്ടില്ല നിൻെറ ഭാവനാവിലാസം അതുല്യമാണു്. നിനക്കു ദൈവം ശില്പകലാ വൈഭവം പൂർണ്ണ

മായി തന്നിരിക്കുന്നു. അതു തികച്ചും ഉപയോഗപ്പെടുത്തേണ്ടതു നിന്റെ കർത്തവ്യമാണ്. ആ ഈശ്വരപൂജ നീ തുടരണം. അതു നിഷേധിക്കുവാൻ നിനക്കർഹതയില്ല. മകനേ, നിന്നോടു എനിക്കു എന്തു പ്രിയമാണുള്ളതെന്നു നിനക്കറിയാമല്ലോ. നീ എന്റെ അഭിമാനമാണ്. നിന്നിൽക്കൂടെ ഞാൻ അറിയപ്പെടണം. ഞാൻ പറയുന്നതു നീ ശ്രദ്ധിക്കുന്നുണ്ടോ...?"

"ഗുരോ, ഞാൻ ശ്രദ്ധിക്കുന്നു. ഞാൻ അങ്ങയുടെ കാലടികൾ പിൻതുടരുന്നു. ഇത്ര മഹാനായ ഒരു ഗുരുവിനെ തന്ന ദൈവത്തെ ഞാൻ നിത്യവും ആരാധിക്കുന്നു. ലോകമുള്ളിടത്തോളം കാലം അങ്ങയുടെ നാമധേയം മനുഷ്യന്റെ ചുണ്ടിൽ നിന്നു് മായുകയില്ല. അങ്ങു് അതുല്യനായ ശില്പിയാണ്. അങ്ങയിൽ കൂടെ ഞാൻ ഓർമ്മിക്കപ്പെടുമെങ്കിൽ അതു എന്റെ കഴിവു കൊണ്ടായിരിക്കുകയില്ല."

"മകനേ നീ ഓർമ്മിക്കപ്പെടും. ഞാൻ പറയുന്നതു പോലെ നീ പ്രവർത്തിക്കണം."

"ഗുരോ, ഞാനെന്തു ചെയ്യണം? "

"പറയാം. ഫറാസ്ദ്വീപിൽ നീ ഒരുയന്ന ദീപസ്തംഭം നിർമ്മിക്കണം. അതു വഴി പോകുന്ന കപ്പലുകൾ ഇനിയൊരിക്കലും ആ പാറക്കെട്ടുകളിൽ മുട്ടി ഉടയാൻ ഇടവരരുതു്"

"ഗുരോ, അതെനിക്കെങ്ങനെ ചെയ്യാൻ കഴിയും? ഞാൻ ദുഃഖിതനാണ്. എന്റെ ചിന്തകൾ തളർന്നു പോയിരിക്കുന്നു. കൈവിരലുകൾ മരവിച്ചു പോയിരിക്കുന്നു. ദീപസ്തംഭത്തിനു രൂപം കൊടുക്കാൻ എങ്ങനെ എനിക്കു കഴിയും .....?

"നിനക്കു കഴിയും. നിന്റെ ദുഃഖഭാരം കുറയുന്നതിനു് അതുപകരിക്കും. ഒരു ദീപസ്തംഭം അങ്ങനെ രൂപം കൊള്ളട്ടെ.

കഷ്ടപ്പെടുന്ന ലോകത്തിനു ഒരു ശിൽപ്പകലാ വസ്തുക്കുടെ നീ ന്നിൽനിന്നു ലഭിക്കട്ടെ. ലോകോപകാരത്തിനായി നീ നിന്റെ കലാവാസന ഉപയോഗപ്പെടുത്തുക. ശാന്തിയും സമാധാനവും നിനക്കു ദൈവം നൽകട്ടെ!"

അൽപ്പനേരം സൊസ്ട്രാറസ് ചിന്തയിൽ മുഴുകി യിരുന്നു. "മകനെ, നിനക്കതിനു കഴിവുണ്ട്. നീയതു ചെയ്യു. സമാധാനം നിനക്കു ലഭിക്കട്ടെ" ഗുരുനാഥൻ യാത്രയായി.

സൊസ്ട്രാറസ് ഗുരുവിന്റെ നിർദ്ദേശം സ്വീകരിച്ചു. ഫറാസ്ദ്വീപിൽ ഒരു ദീപസ്തംഭം നിർമ്മിക്കുവാൻ പ്ലാൻ തയ്യാറാക്കി. കപ്പലുകൾക്കു വെളിച്ചം കാട്ടുന്ന ഒരു വിളക്കുമാടം മാത്രമായിരിക്കാൻ പാടില്ല അതു്. തന്റെ അത്തീനിയൻ വധുവിന്റെ കലീനതക്കു യോജിച്ച ഒരു സ്മാരകം കൂടിയായിരിക്കണം. ഇതായിരുന്നു അയാളുടെ ഉദ്ദേശ്യം.

ഇതിനിടയിൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി ഇഹലോകവാസം വെടിഞ്ഞിരുന്നു. ടോളമി ചക്രവർത്തിയായി. ദീപസ്തംഭത്തിന്റെ നിർമ്മാണത്തിൽ അദ്ദേഹം പ്രത്യേകം താൽപ്പര്യം പ്രദർശിപ്പിച്ചു. സൊസ്ട്രാറസിനെ അദ്ദേഹം അറിയിച്ചു. "എത്ര ധനം വേണമെങ്കിലും ചെലവാക്കിക്കൊള്ളു. പണം കൂടുതൽ ചെലവായിപ്പോകുന്നതിൽ വിഷമിക്കേണ്ട. ദീപസ്തംഭത്തിന്റെ ഭംഗി യാതൊരുകാരണത്താലും കുറഞ്ഞുപോകരുതു്."

ദീപസ്തംഭം നിർമ്മിക്കുവാനുള്ള സ്ഥലം സൊസ്ട്രാറസ് അളന്നെടുത്തു. അതു ഫറാസ്ദ്വീപിന്റെ കിഴക്കേ തീരത്തു തുറമുഖത്തിന്റെ പ്രവേശനമാർഗ്ഗത്തിലാണു്. അതിന്റെ നിർമ്മാണത്തിൽ ആ ശിൽപ്പി വ്യാപൃതനായി. അതിനു 122

മീററർ ഉയരമുണ്ടായിരുന്നു. അനവധി നിലകളും. മുകളിലേക്ക പോകുന്തോറും നിലകളുടെ വ്യാസം ചുരുങ്ങിച്ചുരുങ്ങിവന്നു. മുകളിലുള്ള നിലകളിൽ കടലിലേക്ക തുറന്നിട്ടിരുന്ന ജനാലകൾ ഘടിപ്പിച്ചിരുന്നു. രാത്രിയിൽ ആ ജനാലകളിൽ കൂടിയാണ് വിളക്ക കൊളുത്തിയും വലിയ തീജ്വാലകൾ ഉണ്ടാക്കിയും അതു വഴി പോകുന്ന കപ്പലുകൾക്ക വെളിച്ചം കാണിച്ചു കൊടുത്തിരുന്നതു്. ആ ദീപസ്തംഭത്തിന്റെ ഏററവുമുയർന്ന നിലയിൽ ഒരു ഇരുമ്പു പാത്രം ഘടിപ്പിച്ചിരിക്കുന്നു. അതിനകത്തു് രാത്രി മുഴുവനും തീ കിടന്നു കത്തി ജ്വലിച്ചിരുന്നു. ആ തീയുടെ സൂക്ഷിപ്പുകാരായിരിക്കാം ഈ ലോകത്തിലെ ആദ്യത്തെ വിളക്കമാടത്തിന്റെ കാവൽക്കാർ. ആ ദീപസ്തംഭം ചതുരാകൃതിയിലാണു നിർമ്മിച്ചിരുന്നതു്. അതിൽ ഉപയോഗിച്ചിരുന്നതു് മുത്തുപോലെ വെണ്മയുള്ള ശിലകളായിരുന്നു. അതിന്റെ ആകെച്ചെലവു് ഒരു ലക്ഷത്തി അൻപതിനായിത്തി നാനൂറു പവനെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്.

ഏകദേശം ആയിരത്തി അഞ്ഞൂറു വർഷത്തോളം ഈ ദീപസ്തംഭം മനുഷ്യ സേവനം നിർവഹിച്ചു. അതുവഴി പോയ കപ്പലുകൾക്ക മാർഗ്ഗദർശിയായി നിലകൊണ്ടു. കൊടുങ്കാററുകളുടെ കൊമ്പുകളിൽ ഉടക്കി തെറിച്ചു വീണ പല കപ്പലുകളേയും അതു രക്ഷിച്ചിട്ടുണ്ടു്. കൂരിരുട്ടിൽ വഴിതെററി ആപത്തിലേക്ക കുതിച്ചു കൊണ്ടിരുന്ന പല കപ്പലുകളേയും അതു നേർവഴിയിലേക്ക നയിച്ചിട്ടുണ്ടു്. വെണ്ണക്കല്ലിൽ പണിഞ്ഞ ആ വിളക്കമരവും അതിന്റെ ജനാലകളിൽ കൂടി വെളിയിൽ പ്രസരിച്ചിരുന്ന വെളിച്ചവും എത്രയെത്ര യാത്രക്കപ്പലുകളുടെ ആശ്വാസമായിരുന്ന ആശാദീപമായിരുന്നു. അങ്ങനെ പതിനഞ്ചു നൂററാണ്ടുകാലം മനുഷ്യ സേവനം അതു നിർവഹിച്ചു. പതി

ന്നാലാം നൂററാണ്ടിൽ ഉണ്ടായ ഒരു ഭൂമി കുലുക്കം ഈ അത്ഭുതസൃഷ്ടിയെ പാടെ നശിപ്പിച്ചു കളഞ്ഞു.

വളരെ ഉപയോഗപ്രദമായിരുന്ന ഈ ദീപസ്തംഭം മററു ജനതകളിലും വലിയ പ്രേരണ ചെലുത്തി. ആപൽസ്സാധ്യതയുള്ള തുറമുഖങ്ങളിൽ ഇത്തരം ദീപസ്തംഭങ്ങൾ ഉയർന്നു.

ഈ ദീപസ്തംഭത്തിനെ വെറുമൊരു വിളക്കു മാടമെന്നല്ല ആളുകൾ വിളിച്ചിരുന്നതു്. എവിടെ നിർവഹിക്കപ്പെട്ടുവോ, ആ ദ്വീപിന്റെ പേരിൽ അതു് അറിയപ്പെട്ടു. "ഫറാസ്" എന്ന നാമധേയം അതിനു ലഭിച്ചു. ഗ്രീക്കു ഭാഷയിൽ വിളക്കുമാടങ്ങൾക്കു ഫറാസ് എന്നാണു പറയുന്നതു്. അങ്ങനെ നൈൽ നദിയുടെ മുഖത്തു സൊസ്ട്രാററസ് നിർമ്മിച്ച ദീപസ്തംഭം പ്രാചീനകാലത്തെ ഒരു അത്ഭുതമായി നമ്മുടെ ഓർമ്മയിൽ അവശേഷിക്കുന്നു.

# 2

# ബാബിലോണിലെ പൂന്തോട്ടം

യൂഫ്രട്ടീസ് ശാന്തമായൊഴുകുന്നു. അതിൻെറ തീരത്തു സ്ഥിതി ചെയ്യുന്ന ഏററവും വലിയ നഗരമാണ് ബാഗ്ദാദ്. അതു് ഒരു കാലത്തു അറബി സംസ്കാരത്തിൻെറ കേന്ദ്രമായിരുന്നു. ഈ നഗരത്തിൽ നിന്നു് ഏകദേശം എമ്പതു കിലോമീററർ അകലെ നിലകൊള്ളുന്ന മറെറാരു പട്ടണമാണ് ബാബിലോൺ. "അദ്ഭുതങ്ങളുടെ നഗരം" എന്നപേരിൽ അതു അറിയപ്പെട്ടുന്നു. "ബാബിലോൺ" എന്ന പദത്തിനു "ദൈവത്തിൻെറ വാതിൽ" എന്നർത്ഥം. ധാരാളം വിദേശികൾ ഈ പുരാതന നഗരം സന്ദർശിച്ചിരുന്നു. പ്രാചീനകാലത്തുണ്ടായിരുന്ന പരിഷ്കൃത നഗരങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ബാബിലോൺ സുപ്രസിദ്ധമായിരുന്ന ആ നഗരവും തകർന്നു. അതിൻെറ അവശിഷ്ടങ്ങൾ ഇന്നും കാണാം. ഒരു അദ്ഭുത നഗരമായി ഇന്നു് അതു് മനുഷ്യൻെറ ഓർമ്മയിൽ നിലകൊള്ളുന്നു.

വേദപുസ്തകത്തിലെ പഴയ നിയമത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള പ്രശസ്ത ചക്രവത്തിയാണ് നെബുകദ്ധ്നെസ്സർ. ക്രിസ്തുവിനു മുമ്പ് 604 മുതൽ 561 വരെ നാല്പത്തിനാലു വർഷം അദ്ദേഹം ബാബിലോൺ ഭരിച്ചു. ബാബിലോൺ നഗരത്തെ പുതുക്കിപ്പണിഞ്ഞതു് അദ്ദേഹമാണ്. അതൊരു സ്വപ്നനഗരമെന്നു കീത്തിക്കപ്പെട്ടു: അസംഖ്യം അദ്ഭുതവസ്തുക്കൾ ആ

നഗരത്തിനുള്ളിൽ സ്ഥാനം പിടിച്ചു. അവയിൽ ഏററവും ആശ്ചര്യകരവും വിശ്വസിക്കാൻ വിഷമം തോന്നുന്നതുമായ ഒരു സൃഷ്ടിയായിരുന്നു അവിടത്തെ മനോഹരമായ പൂന്തോട്ടം. "തൂങ്ങിക്കിടക്കുന്ന ഉദ്യാനം" എന്ന പേരിൽ അതു എങ്ങും അറിയപ്പെട്ടു. ഈ ഉദ്യാനം നിർമ്മിച്ചതിൻെറ പുറകിൽ ഒരു കഥയുണ്ട്.

ഒരു പർവ്വത പ്രദേശത്തു ജനിച്ചു വളൎന്നവളാണ് അമിററിസ് രാജകുമാരി. അവളെയാണ് നെബുക്ഡെനെസ്സർ വിവാഹം കഴിച്ചതു്. ബാബിലോണിലേക്ക് അദ്ദേഹം അവളെ കൂട്ടിക്കൊണ്ടു വന്നു. യൂഫ്രട്ടീസ് നദിയുടെ തീരത്തു നീണ്ടു കിടക്കുന്ന നിരവധി ഗ്രാമങ്ങളുടെ ഒരു തുടർച്ചയാണ് ആ രാജ്യം. നല്ല സമതല പ്രദേശം. കുന്നും കാടും മലകളും ഒന്നുമില്ല. രാജകുമാരിക്കു ഏററവും പ്രിയപ്പെട്ടിരുന്ന കുന്നും കാടും വനവും വിവാഹം മൂലം നഷ്ടമായി. അവ അവൾക്കു തിരിയെ കിട്ടണം. അതിനുവേണ്ടി അവളുടെ കൊട്ടാര വളപ്പിനുള്ളിൽ ഉദ്യാനങ്ങൾ സൃഷ്ടിക്കുവാൻ രാജാവു് കല്പന കൊടുത്തു. പല യവന ചരിത്രകാരന്മാരും ഈ പൂന്തോട്ടത്തെക്കുറിച്ചു മനം കവരുന്ന വിവരണങ്ങൾ നൽകിയിട്ടുണ്ട്.

ഏതെങ്കിലും അത്ഭുത വിദ്യ കൊണ്ടു വായുവിൽ കെട്ടിത്തൂക്കിയിട്ടിരിക്കയാണോ എന്നു തോന്നും ഈ ഉദ്യാനങ്ങൾ കണ്ടാൽ. കുന്നിനു മുകളിൽ ഒന്നായി ആ പൂന്തോട്ടങ്ങൾ നിർമ്മിക്കപ്പെട്ടിരുന്നു. ഏററവും താഴത്തെ പൂന്തോട്ടം ഭൂമിയിൽ നിന്നു് അല്പം ഉയരെയായും മററുള്ളവ ക്രമമായി കെട്ടിപ്പൊക്കിയിരുന്ന നിലകളിലും നിർമ്മിച്ചിരുന്നു. ചിലതിനു ഏകദേശം 23 മീററരോളം ഉയരമുണ്ടായിരുന്നു. ഈ ഉദ്യാനങ്ങൾ നിലകൊണ്ടിരുന്നതു് ഏകദേശം ഒന്നര ഹെക്ടാർ വിസ്താരമുള്ള ഒരു സമതലഭൂമിയിലാണ്. ഓരോ നിലകളിലും ഉരുക്കുകൊണ്ടുണ്ടാക്കിയ വലിയ പാത്രങ്ങൾ നിക്ഷേപിച്ചിരുന്നു. അവയിൽ നിറ

ച്ചിരുന്ന മണ്ണ് വൻ വൃക്ഷങ്ങൾക്കു വളരെക്കാലം വളരുന്നതിനു മതിയാകുമായിരുന്നത്രേ. ദിവസവും ചെടികളെ നനയ്ക്കുന്നതിനു ഏറ്റവും ഉയർന്ന തട്ടിൽ ഒരു ജലാശയം പണിതിരുന്നു. യൂഫ്രട്ടീസ് നദിയിൽ നിന്നു കുഴൽ വഴിക്കാണു് അതിൽ വെള്ളം നിറച്ചിരുന്നതു്. ഈ ഉദ്യാനങ്ങളുടെ മുകൾത്തട്ടിൽ നിന്നു കൊണ്ടു് ബാബിലോൺ നഗരം കണ്ടുരസിക്കുവാനുള്ള സൗകര്യമുണ്ടു്. അവിടെ നിന്നു നോക്കുമ്പോൾ പട്ടണത്തിന്റെ നടുവിൽ കൂടി ഒഴുകുന്ന യൂഫ്രട്ടീസ് നദി പുടവക്കസവുപോലെ പകൽ വെളിച്ചത്തിൽ വെട്ടിത്തിളങ്ങുന്നതു കാണാം.

ഓരോ ഉദ്യാനത്തിലും അനേകം മണിമാളികകളും മാർബിൾ കൊണ്ടുണ്ടാക്കിയ സൽക്കാര ശാലകളും ഉണ്ടു്. അവ മുഴുവൻ സുഗന്ധമുള്ള പുഷ്പങ്ങൾ കൊണ്ടു് അലങ്കരിച്ചിരുന്നു. അവയുടെ ചുവരുകളിൽ ദേവന്മാരുടേയും പ്രകൃതി ദൃശ്യങ്ങളുടെയും മനോഹര ചിത്രങ്ങൾ തൂക്കിയിട്ടിരുന്നു. സന്ദർശകരെ പ്രത്യേകം ആകർഷിക്കുന്നവയായിരുന്നു അവ. സംഗീതശാലകളും നൃത്തമണ്ഡപങ്ങളും അവയ്ക്കുള്ളിൽ സ്ഥാനം പിടിച്ചിരുന്നു. പച്ചപ്പട്ടു വിരിച്ചപോലെ മിന്നിത്തിളങ്ങിയിരുന്ന പുൽത്തകിടികളിൽ പല മാതൃകകളിൽ നിർമ്മിച്ചിരുന്ന ജലാശയങ്ങൾ ആരെയാണു അദ്ഭുതപ്പെടുത്താതിരുന്നതു്. അവ രാജാവിന്റേയോ മററു വിശിഷ്ട വ്യക്തികളുടേയോ പേരിന്റെ ആദ്യത്തെ അക്ഷരത്തിന്റെ വടിവിൽ നിർമ്മിച്ചിരുന്നു. നീന്തിക്കുളിക്കുന്നതിനു വേണ്ടി ഉണ്ടാക്കിയിരുന്ന കുളങ്ങളും അവിടെ എണ്ണത്തിൽ കുറവായിരുന്നില്ല. കൃത്രിമ നിറം പിടിപ്പിച്ചവയായിരുന്നു അവ. പച്ച, നീലം, ചുവപ്പ്, മഞ്ഞ മുതലായി ഏതു വർണ്ണത്തിലുമുള്ള ജലാശയങ്ങൾ അവിടെ കാണാമായിരുന്നു.

ആ ഉദ്യാനങ്ങളിൽ പല ഭാഗത്തും ഉറവകൾ നിർമ്മിച്ചിരുന്നു. അവയിൽ നിന്ന് ഒലിച്ചു വീഴുന്ന ജലത്തിന്റെ താളാത്മകമായ ശബ്ദം കൊണ്ടു നിറഞ്ഞിരുന്നു ആ പൂന്തോട്ടങ്ങൾ. മററു ചില ഭാഗങ്ങളിൽ കൃത്രിമമായി വെള്ളച്ചാട്ടങ്ങൾ നിർമ്മിച്ചിരുന്നു. അവയിൽ നിന്ന് ഉഗ്രമായ ശബ്ദം ഉയന്നു കൊണ്ടിരുന്നു. പല വർണ്ണങ്ങളിൽ ഉള്ള പക്ഷികളുടെ താവളമായിരുന്നു ആ ഉദ്യാനങ്ങൾ. കൊത്തു പണികൾ കൊണ്ടു സുന്ദരമായ കട്ടിലുകളും ചിത്രവേലകൾ കൊണ്ടു മനോഹരമായ മെത്തകളും ഉൾക്കൊള്ളുന്ന അനേകം കണ്ണാടി മാളികകൾ ആ ഉദ്യാനങ്ങളിൽ നിർമ്മിച്ചിരുന്നു. അവയുടെ ഭിത്തികളിൽ എന്തെല്ലാം പക്ഷികളുടെ ചിത്രങ്ങളാണു പലതരം ചായങ്ങളിൽ വരച്ചിരുന്നതു്! മതപ്രാധാന്യമുള്ള അനേകം പ്രതിമകൾ വെറും നിലത്തു ചിതറിക്കിടന്നിരുന്നു. അതുപോലെ ചരിത്ര സംഭവങ്ങളെ ചിത്രീകരിക്കുന്ന അസംഖ്യം ശില്പങ്ങളും.

തണൽ വിരിച്ചു കൊണ്ടു് സിഡാർ, ഫിർ, സൈപ്രസ് തുടങ്ങിയ വൻവൃക്ഷങ്ങൾ അവിടെ നിരന്നു നിന്നിരുന്നു. വിശാലമായ പുൽത്തകടികളുടെ മദ്ധ്യഭാഗത്തു പ്രത്യേകം തെരഞ്ഞെടുത്തു നട്ടു വളത്തിയിരുന്ന പൂച്ചെടികൾ നിറഞ്ഞ തോട്ടങ്ങൾ കാണികൾക്കു എന്തുമാത്രം കൗതുകമാണു പകന്നു കൊടുത്തിരുന്നതു്! പല വർണ്ണത്തിലുള്ള പുഷ്പങ്ങൾ വിടന്നു നിന്നിരുന്നു. സുഗന്ധപൂർണ്ണമായ ഒരു ദേവ നഗരി പോലെ ആ ഉദ്യാനങ്ങൾ കാണപ്പെട്ടു. അവയിൽ നിന്നു് ഇറങ്ങി വരുന്ന ഇളം കാററുകൾക്കു എന്തൊരു കുളിർമയും സൗരഭ്യവുമായിരുന്നു!

ഭിത്തികളിൽ പററിപ്പിടിച്ചു മുന്തിരി വള്ളികൾ വളന്നു കിടന്നിരുന്നു; അവ നിറയെ മുററിപ്പഴുത്തു തുടുത്ത പഴങ്ങളും. തണ്ണിമത്തൻ പഴങ്ങളും ഒലിവ് പഴങ്ങളും സമൃദ്ധിയായി അവിടെ എങ്ങും കാണാമായിരുന്നു. പക്ഷികളും അടിമകളും

അവരുടെ പങ്കു കൈപ്പററിയതിനു ശേഷവും ധാരാളം ഇൗന്ത പ്പഴം അവിടെ ശേഷിച്ചിരുന്നു. ആകർഷകമായ മറെറാരു കാഴ്ച യായിരുന്നു വരിവരിയായി നട്ടുപിടിപ്പിച്ചിരുന്ന മാതള നാരക ങ്ങൾ.

അമിത്തിസ് രാജ്ഞി വിശ്രമ വേളകളിൽ ഇൗ ഉദ്യാന ത്തിൽ ഉലാത്തുക പതിവായിരുന്നു. വിവാഹം മൂലം നഷ്ടപ്പെട്ട കാടും വനവും അവർക്കു തിരിച്ചു കിട്ടിയിരിക്കുന്നു. ആ സംതൃപ്തി അവളുടെ മുഖഭാവത്തിൽ നിഴലിച്ചിരുന്നു. ഭരണ പരമായ ചുമതലകൾ നിർവ്വഹിച്ചു കഴിഞ്ഞു ചക്രവർത്തിയും ആ കൃത്രിമ ഉദ്യാനങ്ങളിൽ എത്തിച്ചേർന്നിരുന്നു.

ഇന്നു ഇൗ പൂന്തോട്ടം അവശേഷിച്ചിട്ടില്ല. കാലപ്പഴക്കം അതിനെ നശിപ്പിച്ചിരിക്കുന്നു. അതിൻെറ അവശിഷ്ടങ്ങൾ പോലും ഇന്നു കാൺമാനില്ല. ഓർമ്മയിൽ മാത്രം അതു് അവ ശേഷിക്കുന്നു.

# 3

# ഒളിമ്പിയായിലെ സ്യൂസ് ദേവന്റെ പ്രതിമ

പ്രാചീന ഗ്രീക്ക ജനതയുടെ പ്രധാന ദേവന്റെ പേരു് സ്യൂസ് എന്നായിരുന്നു. ആ ദേവനോടുള്ള ബഹുമാന സൂചകമായിട്ടാണു് പല മത്സരക്കളികളും ഒളിമ്പിയാ എന്ന സ്ഥലത്തു വച്ചു നടത്തിയിരുന്നതു്. ഗ്രീസിലെ ഒരു സമതല പ്രദേശമാണു് ഒളിമ്പിയ. ഇലീസ് പ്രദേശത്തു പിസാ എന്ന പട്ടണത്തിനു പടിഞ്ഞാറു ഭാഗത്തായി ആ സമതലം സ്ഥിതി ചെയ്തിരുന്നു. ഗ്രീസിന്റെ സുവണ്ണ ദശയിൽ ഭൂലോകത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റിയിരുന്ന ഒരു സ്ഥലമായിരുന്നു അതു്. ഗ്രീക്ക മതത്തിന്റെ കേന്ദ്രവും അതു തന്നെയായിരുന്നു. അനവധി ചിത്രകാരന്മാരും, സാഹിത്യകാരന്മാരും, ശില്പികളും അവിടെ ജീവിച്ചിരുന്നു. അവർ സമ്മാനിച്ച സൗന്ദര്യ ബോധം ഗ്രീക്ക ജനതയുടെ ജീവിത രീതിയിലും ചിന്താമണ്ഡലങ്ങളിലും എന്തു മാത്രം പ്രേരണയാണു ചെലുത്തിയിരുന്നതു്!

ഈ സമതല പ്രദേശത്തിന്റെ ഒരു ഭാഗം "അറ്റിസ്" എന്ന ഗ്രീക്ക പേരിൽ അറിയപ്പെട്ടിരുന്നു. "പരിശുദ്ധ വൃക്ഷങ്ങളുടെ ഭൂമി" എന്നാണു് ആ ഗ്രീക്ക പദത്തിനത്ഥം. പരിശുദ്ധിയുടെ പ്രതീകങ്ങളായി പരിഗണിക്കപ്പെട്ടിരുന്ന സൈക്കാമോർ മരങ്ങളും അവിടെ നട്ടു പിടിപ്പിച്ചിരുന്നു. ഇതിനുള്ളിൽ വച്ചായിരുന്നു പ്രസിദ്ധമായ ഒളിമ്പിക് കളികളും നടത്തിയിരു

ന്നതു്. സ്യൂസ് ദേവന്റെ ഭീമാകൃതിയിലുള്ള പ്രതിമ സ്ഥാപിച്ചിരുന്ന ദേവാലയവും ഇതിനുള്ളിലാണു നിർമ്മിച്ചിരുന്നതു്. ഹെറാക്ലീസ് ആയിരുന്നു അന്നത്തെ യവന ചക്രവൎത്തി. അദ്ദേഹം തന്നെയാണു് ഈ മരങ്ങൾ നട്ടു പിടിപ്പിച്ചതു്. ഈ മൈതാനത്തിനു ചുററും ഉയൎന്ന ഉരുക്കൻ മതിലിന്റെ നിർമ്മാതാവും അദ്ദേഹം തന്നെ.

അഞ്ചു വൎഷത്തിലൊരിക്കൽ നടത്തിയിരുന്ന ഒരു ദേശീയ വിനോദമായിരുന്നു ഒളിമ്പിക് കളികൾ. അവയോടു് അനുബന്ധിച്ചു സ്യൂസ് ദേവന്റെ പേരിൽ ദേവാലയത്തിൽ മഹോത്സവവും കൊണ്ടാടിയിരുന്നു.

ഒളിമ്പിക് മത്സരക്കളികൾ കണ്ടു രസിക്കുവാൻ ബഹു ലക്ഷം ജനങ്ങൾ ആ മൈതാനത്തിൽ വന്നു ചേരുക സാധാരണമായിരുന്നു. വളരെയധികം ആളുകൾ ക്ഷേത്രത്തിൽ നടക്കുന്ന ഉത്സവം കാണാനും എത്തും. ഈ മത്സരക്കളികൾ ഏർപ്പെടുത്തിയതു് ഹെറാക്ലീസ് ആണെന്നാണു പരക്കെയുള്ള വിശ്വാസം. ഹെറാക്ലീസ് അഞ്ചു സഹോദരന്മാരിൽ ഒരാളായിരുന്നു. ആം പിത്രിയൻ ചക്രവൎത്തിയുടെ അഞ്ചു പുത്രന്മാരായിരുന്നു അവർ. ഉററ സൗഹൃദവും ഉറച്ച സഹോദര സ്നേഹവും അവർക്കു പരസ്പരം ഉണ്ടായിരുന്നു. അവർ എണ്ണത്തിൽ അഞ്ചു പേരായിരുന്നതിനാൽ അഞ്ചു വർഷത്തിലൊരിക്കൽ ഒളിമ്പിക് കളികൾ നടത്തുന്ന പതിവുണ്ടായി എന്നാണു് ഐതിഹ്യം. പരിശുദ്ധ ഗ്രീക്കു രക്തമുള്ള ഗ്രീക്കുകാർക്കു മാത്രമേ അന്നു ഒളിമ്പിക് കളികളിൽ പങ്കു കൊള്ളുവാൻ അനുവാദമുണ്ടായിരുന്നുള്ളു. അക്കാലത്തു ഗ്രീസിൽ അനേകായിരം അടിമകൾ ഉണ്ടായിരുന്നു. പിടിച്ചടക്കപ്പെട്ട രാജ്യങ്ങളിൽ നിന്നു് കൊണ്ടുവന്ന യുദ്ധത്തടവുകാരായിരുന്നു അവർ. അവർക്കു പൗരാവ

കാശം നൽകിയിരുന്നില്ല. അവർ കേവലം അടിമകൾ മാത്രം! അവരെ ഈ മത്സരക്കളികളിൽ പങ്കു കൊള്ളുവാൻ അനുവദിച്ചിരുന്നില്ല. ഈ മത്സരക്കളികൾ കാണുന്നതിൽ നിന്നു സ്ത്രീകളെ വിലക്കിയിരുന്നു. എന്നാൽ അവർക്കു ഈ കളികളിൽ മത്സരിക്കുന്നതിനു തേരും ആളും മററും അയക്കുവാൻ അനുവാദമുണ്ടായിരുന്നു. നാലുമുതൽ ഏഴു ദിവസത്തോളം ഈ മത്സരക്കളികൾ നീണ്ടു നിന്നിരുന്നു. ഓട്ടം, തേരോട്ടം, കുതിരപ്പന്തയം, കഴുതപ്പന്തയം, ഗുസ്തി, മുഷ്ടിയുദ്ധം, കായികാഭ്യാസങ്ങൾ തുടങ്ങി പല തരത്തിലുള്ള മത്സരങ്ങൾ അവിടെ നടന്നിരുന്നു. ഇവയെല്ലാം സ്യൂസ് ദേവനോടുള്ള ബഹുമാന സൂചകമായി നടത്തുന്നവെന്നാണു സങ്കൽപ്പം. ഈ മത്സരക്കളികളിലെ വിജയികളെ സന്തോഷത്തോടുകൂടി കാണികൾ സ്വീകരിക്കുന്ന പതിവുണ്ടായിരുന്നു. അവരെ ഒലിവു് ഇലകൾ കൊണ്ടുണ്ടാക്കിയ കിരീടം ചൂടിച്ചിരുന്നു. ഈ ഇലകൾ പറിച്ചെടുക്കുന്ന ഒലിവുമരംപോലും ഹെറാക്ലിസ് സ്വയം നട്ടതായിരുന്നുവെന്നാണു് ഗ്രീക്കു ജനതയുടെ വിശ്വാസം.

സ്യൂസ്ദേവനോട് ഗ്രീക്കജനതയ്ക്കുണ്ടായിരുന്ന സ്നേഹാദരങ്ങൾ പ്രദർശിപ്പിക്കുന്നതിനു വേണ്ടി നിർമ്മിച്ചതായിരുന്നു സ്യൂസ് ദേവാലയം. അതിന്റെ നിർമ്മാണത്തിനു വേണ്ട രൂപരേഖ തയ്യാറാക്കിക്കൊടുത്തതു് ലിബൺ അയിരുന്നു. ക്രിസ്തുവിനു മുമ്പു് ആറാം നൂററാണ്ടിൽ അദ്ദേഹം ഇലീസിൽ ജനിച്ചു. ഭാവനാസമ്പന്നനായ ഒരു ശില്പിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ രൂപരേഖയനുസരിച്ചു് ദേവാലയം പൂർണ്ണമായി നിർമ്മിക്കുന്നതിനു ഒരു നൂററാണ്ടുകാലം വേണ്ടിവന്നു.

വളരെ ഉയരമുള്ള തറയുടെ പുറത്താണു ഈ ദേവാലയം നിർമ്മിച്ചിരുന്നതു്. തറയ്ക്കു പുറം വീതിയുള്ള ചവിട്ടുപടികൾ ഉണ്ടാക്കിയിരുന്നു. ക്ഷേത്രത്തിനു കൂടുതൽ ഭംഗിയും ബലവും

നൽകുവാനാണ് ഈ ശില്പ രീതി ലിബൺ സ്വീകരിച്ചത്. ചുവട്ട പ്രത്യേകം കെട്ടിയുണ്ടാക്കാത്ത വിശേഷരീതിയിലുള്ള ഒരു തൂണ് ഈ ദേവാലയത്തിനുണ്ടായിരുന്നു. കമനീയമായ കൊത്തുപണികൾ കൊണ്ട വളരെ മനോഹരമായിരുന്നു മററു തൂണുകൾ. ഈ ദേവാലയത്തിന്റെ മുമ്പിലും പുറകിലും ആറു തൂണുകളും ഇരുവശങ്ങളിലും പതിമ്മൂന്നു ചതുരത്തൂൺകളും നിർമ്മിച്ചിരുന്നു. ഓരോ തൂണിന്റേയും വ്യാസം രണ്ട മീററിൽ കുറവായിരുന്നില്ല. ഗ്രീസിലെ മററൊരു ദേവാലയത്തിനും ഇത്രയേറെ കനത്ത തൂണുകളില്ലായിരുന്നു.

ഈ ദേവാലയത്തിന്റെ കിഴക്ക ഭാഗത്തുള്ള ഭിത്തിയിൽ ഇരുപത്തിയൊന്നു ഭീകരരൂപങ്ങളുടെ ചിത്രങ്ങൾ വരച്ചിരുന്നു. ഗ്രീക്ക ചരിത്രത്തിലെ ചില പഴയ സംഭവങ്ങളെ ഓർമ്മിപ്പിക്കുന്നവയായിരുന്നു അവ. പടിഞ്ഞാറെ ചുവരിൽ ഒരു പോരാട്ടത്തിന്റെ ചിത്രം വളരെ ഭംഗിയായി വരച്ചിരുന്നു. തെസ്സാലിയിൽ നിന്നു വന്ന ലാപിത്തെ വർഗ്ഗക്കാരും പാതി കുതിരയുടേയും പാതി മനുഷ്യന്റെയും ആകൃതിയുള്ള കെൻറൗറസ് വർഗ്ഗക്കാരും തമ്മിൽ നടന്ന യുദ്ധത്തിന്റെ ചിത്രീകരണമായിരുന്നു അത്. ഹെർക്കലീസിന്റെ പന്ത്രണ്ട സാഹസിക യത്നങ്ങൾ ക്ഷേത്രത്തിന്റെ മേൽത്തട്ടിൽ വളരെ ഭംഗിയായി ചിത്രീകരിച്ചിരുന്നു. അനേകം ഗ്രീക്ക കഥകളിലെ നായകനാണല്ലോ ഹെർക്കലീസ്.

മാർബിൾപ്പലകകൾ കൊണ്ടാണ് ആ ദേവാലയത്തിന്റെ മച്ച നിർമ്മിച്ചിരുന്നത്. ദേവാലയത്തിന്റെ മുൻ ഭാഗം മുതൽ പ്രതിമ നിൽക്കുന്ന അകത്തെ തളംവരെയുള്ള ഭാഗം നിറം പിടിപ്പിച്ച ചരൽക്കല്ലുകൾ പാകി മനോഹരമാക്കിയിരിക്കുന്നു. ഒളിമ്പിയാ സമതലത്തിൽ കൂടിയൊഴുകുന്ന അൾഫീസ് നദിയുടെ തടത്തിൽ നിന്ന് ശേഖരിച്ചതായിരുന്നു ഈ ചരൽക്കല്ലുകൾ. വിചിത്രാകൃതിയിലുള്ള കടൽ ദേവന്മാരുടെയും കടൽജന്തുക്കളെ

ടെയും രൂപങ്ങഠം വെളുത്ത സിമൻറ് ഉപയോഗിച്ച ഈ ചരൽ ക്കല്ലുകഠം കൊണ്ടു വെറും നിലത്തു നിർമ്മിച്ചിരുന്ന കാഴ്ച, ആരെ യും അദ്ഭുതപ്പെടുത്തുമായിരുന്നു. ഈ ദേവാലയത്തിൻെറ പുറ കുവശം കരിങ്കല്ലു കൊണ്ടാണു നിർമ്മിച്ചിരുന്നതു്. അകത്തെ ച്ചുവരുകഠം അനേകം ചിത്രങ്ങളും കൊത്തു പണികളും കൊണ്ടു മോടി പിടിപ്പിച്ചിരുന്നു.

ദേവാലയത്തിൽ പടിഞ്ഞാറു ഭാഗത്താണു സ്യൂസ് ദേവ ൻെറ പ്രതിമ സ്ഥാപിച്ചിരുന്നതു്. പ്രവേശന വാതിലിൻെറ തൊട്ടു നേക്കായിരുന്നു അതു്. അതിനാൽ ദേവാലയത്തിൽ പ്രവേ ശിക്കുമ്പോഠം തന്നെ പ്രതിമയുടെ പൂർണ്ണമായ ദർശനം ഭക്തന്മാക്കു ലഭിച്ചിരുന്നു. മുകഠംത്തട്ടിലെ ഏണിപ്പടിയിൽ കയറി നിന്നാൽ പ്രതിമയുടെ സൗന്ദര്യം പൂർണ്ണമായി ആസ്വദിക്കുവാൻ കഴിയുമാ യിരുന്നു.

ഈ പ്രതിമയുടെ നിർമ്മാതാവു് ഫീദിയാസ് ആയി രുന്നു. യൂറോപ്പിൽ അന്നു അറിയപ്പെട്ടിരുന്ന ശില്പികളിൽ അദ്വി തീയനായിരുന്നു അദ്ദേഹം. ആ അനുഗ്രഹീത ക ലാ കാ ര ൻ ആതൻസ് നഗരത്തിൽ ജനിച്ചു. മാരത്താൺ യുദ്ധം നടന്നു കൊണ്ടിരുന്ന കാലഘട്ടത്തിലാണു അദ്ദേഹത്തിൻെറ ജനനം. ശില്പവിദ്യയിൽ ലോകത്തിനു ആതൻസ് നഗരംനൽകിയ ഒരു വിശിഷ്ട സംഭാവനയാണു് ഈ കലാകാരൻ. ആതൻസിൻെറ സംസ്കാരം കോരിക്കുടിച്ച അദ്ദേഹം വളർന്നു. ശില്പകല യിൽ അസാമാന്യമായ അറിവു് അദ്ദേഹം നേടി. അങ്ങനെ ആ യവന ശില്പി വിശേഷാത്തര കലാകാരന്മാരിൽ ഒരുവനായി ത്തീന്നു.

ഗ്രീക്കുകാർ ഫീദിയാസിനെ പ്രതിമാ നിർമ്മാണത്തിനു ഇലീസിലേക്കു ക്ഷണിച്ചു. ഉടൻ തന്നെ ആതൻസ് നഗര

ത്തിൽ നിന്നു് അദ്ദേഹം ഇലീസിൽ എത്തിച്ചേർന്നു. വളരെ സന്തോഷത്തോടുകൂടി പ്രതിമാ നിർമ്മാണത്തിൽ അദ്ദേഹം വ്യാപൃതനായി. നാലഞ്ചു വർഷം കടന്നു പോയി. വിശ്വമഹാകവിയായ ഹോമറുടെ ആശയങ്ങൾ അതേ രീതിയിൽ യാതൊരു വൈകല്യവും സംഭവിക്കാതെ സ്യൂസ് ദേവന്റെ പ്രതിമയിൽ ഉൾക്കൊള്ളിക്കണം. അദ്ദേഹത്തിന്റെ കവിതയിൽ പ്രതിഫലിക്കുന്ന സ്യൂസ് ദേവന്റെ സൗന്ദര്യം യാതൊരു വിധത്തിലും ചോർന്നു പോകാതെ പ്രതിമയിൽ ഒപ്പിയെടുക്കണം. ഇലിയഡ് എന്ന മഹാകാവ്യത്തിൽ വിവരിച്ചിരിക്കുന്ന വിധത്തിൽ ആ ദേവന്റെ പ്രത്യേക ഗുണഗണങ്ങൾ ഈ പ്രതിമയിൽ നിഴലിക്കണം. ഈ ആഗ്രഹങ്ങൾ ഹൃദയത്തിൽ അടക്കിപ്പിടിച്ചു കൊണ്ടു ഫീദിയാസ് പ്രതിമാ നിർമ്മാണത്തിൽ ഏർപ്പെട്ടു.

നാലഞ്ചു വർഷം കടന്നുപോയി. പ്രതിമയുടെ പണി മുഴുവനാകാൻ ഇനി ഒരേയൊരു നിമിഷം കൂടി മതി. പ്രതിമയ്ക്കു ജീവൻ നൽകുന്ന നിമിഷം. വിശ്രുതനായ ആ കലാകാരൻ ഉളി കൈയിലെടുത്തു പ്രതിമയുടെ കണ്ണുകൾക്കു വെളിച്ചം നൽകി. ഇതുവരെ വെളിച്ചത്തിനുവേണ്ടി തപസ്സു ചെയ്ത ആ കണ്ണുകൾ വികസിച്ചു. എന്തൊരു സ്വർഗ്ഗീയ സൗന്ദര്യം നിറഞ്ഞ ഒരു കലാസൃഷ്ടി! ഹോമറുടെ ആശയങ്ങൾ അതേപടി രൂപം കൊണ്ടിരിക്കുന്നു! ഈ വിശേഷോത്തര പ്രതിമയുടെ നിർമ്മാണം കൊണ്ടു് ഫീദിയാസ് വീണ്ടും ലോക പ്രസിദ്ധി നേടി.

ഈ വിശിഷ്ട പ്രതിമയുടെ ഉയരം ഏകദേശം പന്ത്രണ്ടു മീററായിരുന്നു. ആ ദേവാലയത്തിന്റെ മേൽക്കൂരയിൽ ഏകദേശം തൊട്ടുരുമ്മി അതു് നിന്നിരുന്നു. രത്നം, ആനക്കൊമ്പ്, സ്വർണ്ണം എന്നിവ കൊണ്ടു നിർമ്മിച്ചതായിരുന്നു ആ പ്രതിമ

സ്യൂസ് ദേവൻ സിംഹാസനത്തിൽ ഇരിക്കുന്ന വിധത്തിലാണു ഈ പ്രതിമ നിർമ്മിച്ചിരിക്കുന്നതു്.

സ്യൂസ്ദേവൻ ഇരിക്കുന്ന സിംഹാസനം സിഡാർ വൃക്ഷത്തിൻെറ തടി കൊണ്ടു നിർമ്മിച്ചിട്ടുള്ളതായിരുന്നു. സ്വർണ്ണത്തിലും ആനക്കൊമ്പിലും ഈട്ടിത്തടിയിലും കൊത്തിയെടുത്ത മനോഹര ശിൽപ്പങ്ങൾ കൊണ്ടു അലംകൃതമായിരുന്നു അതു്. മുത്തു്, പവിഴം, വൈഡൂര്യം, പുഷ്യരാഗം തുടങ്ങിയ രത്നങ്ങൾ അതിൻെറ പല ഭാഗത്തും പതിച്ചിരുന്നു. സ്വർണ്ണം കൊണ്ടു നിർമ്മിച്ചതായിരുന്നു ഇരിപ്പിടം. അദ്ദേഹം ധരിച്ചിരുന്ന വസ്ത്രം സ്വർണ്ണനൂലിൽ നെയ്തതായിരുന്നു. അതിൽ ഉടനീളം പല വർണ്ണങ്ങൾ ഉപയോഗിച്ചു തുന്നിച്ചേർത്തിരുന്നു വിരവധി പുഷ്പങ്ങൾ. സ്വർണ്ണം കൊണ്ടും ആനക്കൊമ്പു കൊണ്ടും ഉണ്ടാക്കിയ ഒരു പ്രതിമ അദ്ദേഹത്തിൻെറ വലതുകൈ ഉയർത്തിപ്പിടിച്ചിരുന്നു. അദ്ദേഹം നേടിയ വിജയത്തിൻെറ അടയാളമായിരുന്നു അതു് എന്നാണു സങ്കൽപ്പം. മനോഹരമായി കടഞ്ഞെടുത്ത ഒരു ചെങ്കോൽ ഇടതു കൈയിൽ പിടിപ്പിച്ചിട്ടുണ്ടു്. ആ ചെങ്കോലിൻെറ അററത്തു ഒരു കഴുകൻെറ രൂപം കൊത്തി വച്ചിരുന്നു. ആ സിംഹാസനത്തിനു ചുററും നിരവധി പ്രതിമകൾ ചിതറിക്കിടന്നിരുന്നു. സ്യൂസ് ദേവനോടുള്ള ബഹുമാനംകൊണ്ടു് ആ പ്രതിമ ഒരു തിരശ്ശീലകൊണ്ടു മറയ്ക്കപ്പെട്ടിരുന്നു. ഭക്തന്മാരുടെ ദർശനത്തിനുവേണ്ടി മാത്രമേ അതു മാററിയിരുന്നുള്ളൂ.

ഫീദിയാസിൻെറ പ്രതിമാനിർമ്മാണവൈദഗ്ദ്ധ്യത്തിൻെറ ഏററവും വലിയ പ്രകടനമായിരുന്നു സ്യൂസ് ദേവൻെറ സുന്ദരമായ ഈ പ്രതിമ. ഇതിൻെറ നിർമ്മാണത്തിൽ പതിഞ്ഞു കണ്ട ആ വിശ്വോത്തര കലാകാരൻെറ അനുഗൃഹീതമായ കലാവാസന

അതുല്യമാണ്. ഗ്രീക്ക ജനതയുടെ മതത്തെക്കുറിച്ചുള്ള ധാരണയുടെ രൂപംകൊള്ളലായിരുന്നു അതു്. "സൗന്ദര്യത്തിൻെറയും ബഹുമാന്യതയുടെയും ഏററവും ഉയൎന്ന ഒരു പ്രകടനമായിരുന്നു ഫീദിയാസ് നിൎമ്മിച്ച സ്യൂസ്ദേവൻെറ പ്രതിമ." ഇതായിരുന്നു ഒരു പ്രാചീന സാഹിത്യകാരൻെറ അഭിപ്രായം.

സുന്ദരമായ ആ പ്രതിമ മനുഷ്യരാശിയുടെ കണ്ണിൽ അത്ഭുതത്തിൻെറ ചിത്രം വരച്ചു കാണിച്ചു കൊണ്ടു ഇന്നു നിലകൊള്ളുന്നില്ല. പുസ്തകത്തിൻെറ താളുകളിൽ കൂടി മാത്രമേ നാമിന്നു അതിനെക്കുറിച്ചു അറിയുന്നുള്ളൂ. ചില പുരാതന നാണ്യങ്ങളിലും ഇതിൻെറ ചിത്രം കാണാം. ക്രിസ്തുവബ്ദം നാലാം നൂററാണ്ടിൽ ഈ പ്രതിമ കോൺസ്ററാൻറിനോപ്പിൾ പട്ടണത്തിൽ കൊണ്ടു വന്നു. യാദൃച്ഛികമായി അവിടെ ഒരു അഗ്നിബാധയുണ്ടായി. തീ ജ്വാലകൾ എങ്ങും മേഞ്ഞു നടന്നു. കലാസൗന്ദര്യം നിറഞ്ഞ ആ പ്രതിമയിലും ഇഴഞ്ഞു കയറുവാൻ തീജ്വാലകൾക്കു കൂസൽ ഉണ്ടായില്ല. അവയുടെ കൊടും ചൂടിൽ ഉരുകിയുമെരിഞ്ഞും ആ പ്രതിമ നാമാവശേഷമായി. എങ്കിലും ആ പ്രതിമയ്ക്കു ജീവൻകൊടുത്ത ഫീദിയാസ് ഇന്നും നമ്മുടെ ഓർമ്മയിൽ ജീവിക്കുന്നു. അദ്ദേഹത്തിനു മരണമില്ല.

# 4

# മൗസോളസ് രാജാവിൻെറ ശവകുടീരം

ലണ്ടനിലെ കാഴ്ചബംഗ്ളാവിൽ മൗസോളിയംറൂം എന്ന പേരിൽ അറിയപ്പെടുന്ന ഒരു ഭാഗമുണ്ട്. അതിൽ ഗ്രീസിൽ നിന്ന് കൊണ്ടുവന്ന ഒരു ശവകുടീരത്തിൻെറ അവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്നു. പത്തൊൻപതാം നൂററാണ്ടിൻെറ മദ്ധ്യദശയിലാണ് ഈ ശവകുടീരത്തിൻെറ അവശിഷ്ടങ്ങൾ ഗ്രീസിൽ കണ്ടെത്തിയത്.

ക്രിസ്തുവിനു ഏകദേശം 300 വർഷങ്ങൾക്കുമുമ്പ് മൗസോളസ് എന്നൊരു രാജാവ് കേറിയ ഭരിച്ചിരുന്നു. ഏഷ്യാമൈനറിൽ ഉൾപ്പെട്ട ഒരു രാജ്യമായിരുന്നു കേറിയ. മൗസോളസ് സമർത്ഥനായ ഒരു ഭരണാധികാരിയായിരുന്നു. ജനങ്ങളുടെ സ്നേഹവും ബഹുമാനവും സമ്പാദിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിൻെറ മരണശേഷം രാജ്ഞിയായ ആർട്ടിമിസിയാ രാജ്യഭരണം ഏറെറടുത്തു. ഭർത്താവിൻെറ അകാലമരണത്തിൽ രാജ്ഞി വളരെ ദുഃഖിച്ചു. എപ്പോഴും ദുഃഖ ചിന്തയിൽ മുഴകി അവർ കാണപ്പെട്ടു. ശേഷിച്ച നാളുകൾ ഭർത്താവിൻെറ ഓർമ്മയിൽ കഴിച്ചു കൂട്ടുവാൻ അവർ ആഗ്രഹിച്ചു. മൗസോളസ് ജനങ്ങൾക്കു പ്രിയപ്പെട്ട രാജാവായിരുന്നു. ബുദ്ധിമാനായ ഒരു ഭരണാധികാരിയും. അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മ ജനങ്ങളിൽ എന്നെന്നും

നില്ലണം. തന്റെ ദുഃഖത്തിന്റെ ഭാരം കുറയുകയും വേണം. ഇങ്ങനെ ചിന്തിച്ച് രാജ്ഞി രാജാവിന്റെ ഒരു സ്മാരകം നിർമ്മിക്കുവാൻ നിശ്ചയിച്ചു.

ഗ്രീസിന്റെ നാനാഭാഗത്തു നിന്നു പ്രസിദ്ധരായ ശില്പികളേയും കൊത്തുപണിക്കാരേയും രാജ്ഞി കൊട്ടാരത്തിലേക്കു ക്ഷണിച്ചു. കലകളിലും സംസ്കാരത്തിലും മികച്ച സംഭാവന ഗ്രീസ് നൽകി വന്ന കാലഘട്ടമായിരുന്നു അതു്. പ്രസിദ്ധന്മാരായിരുന്ന പല ശില്പികളും കൊട്ടാരത്തിൽ വന്നെത്തി.

"നിങ്ങൾ തികഞ്ഞ കലാകാരന്മാരാണ്. രാജാവിന്റെ കീർത്തിക്കും മഹത്വത്തിനും അനുയോജ്യമായ ഒരു സ്മാരകം നിർമ്മിക്കുന്ന ജോലി നിങ്ങൾ ഏറ്റെടുക്കണം. വളരെ ഭംഗിയുള്ള ഒന്നായിരിക്കണം ഈ സ്മാരകം. എത്ര ധനം വേണമെങ്കിലും ഇതിനുവേണ്ടി ചെലവാക്കാൻ ഞാൻ സന്നദ്ധയാണ്. സൗന്ദര്യത്തിലും ബലത്തിലും ഈ സ്മാരകം മുന്നിട്ടു നിൽക്കണം. നിങ്ങൾ അതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുക" രാജ്ഞി അവരോടു കല്പിച്ചു.

അന്നു അറിയപ്പെട്ടിരുന്ന ശില്പികളിൽ ഏററവും പ്രസിദ്ധന്മാരായിരുന്നു പിത്തിയസ്സും സാദിറസ്സും. അവർ ഈ സ്മാരകത്തിന്റെ നിർമ്മാണ നേതൃത്വം ഏറ്റെടുത്തു. പ്രസിദ്ധന്മാരായിരുന്ന നാലുശില്പികൾ സ്മാരകത്തിന്റെ ഓരോ വശത്തിന്റേയും ചുമതല വഹിച്ചു. വടക്കേച്ചുവരിന്റെ പണി ബ്രിയാക്സിസ് ഏറ്റെടുത്തു. ടിമോത്തിയസിനു തെക്കേച്ചുവരാണ് നൽകിയിരുന്നതു്. കിഴക്കേച്ചുവരിന്റെ പണി ലിയോക്കറസിന്റെ മേൽനോട്ടത്തിൽ നടന്നു. സ്കോപസ് പടിഞ്ഞാറെ ചുവരിന്റെ നിർമ്മാണച്ചുമതല വഹിച്ചു.

ഫെലിക്കാർനസ്സ് എന്ന പട്ടണമായിരുന്നു കേറിയാരാജ്യത്തിൻെറ തലസ്ഥാനം. അതിനെ തലസ്ഥാന നഗരമാക്കിയുയർത്തിയതു് മൗസോളസ് രാജാവു തന്നെയായിരുന്നു. ആ നഗരത്തിൻെറ മദ്ധ്യത്തിലുള്ള വിശാലമായ ഒരു തെരുവാണ് ഈ സ്മാരകം സ്ഥാപിക്കുവാൻ രാജ്ഞി തെരഞ്ഞെടുത്തതു്. എല്ലാപേരുടേയും ശ്രദ്ധയിൽപ്പെടാൻ കൂടുതൽ സൗകര്യമുള്ള സ്ഥാനമായിരുന്നു അതു്. എല്ലാപേരും രാജാവിനെ നിത്യവും ഓർമ്മിക്കണം. ആർട്ടിമിസിയാ രാജ്ഞിയുടെ ജീവിതത്തിലെ ഏററവും വലിയ ആഗ്രഹമായിരുന്നു അതു് — തൻെറ ഭർത്താവിൻെറ സ്മാരകം പൂർണ്ണമായി നിർമ്മിക്കുക. പക്ഷേ വിധി അനുകൂലമായിരുന്നില്ല. സ്മാരകംപൂർണ്ണമാകുന്നതിനു മുമ്പു തന്നെ രാജ്ഞി മൃതിയടഞ്ഞു. എങ്കിലും അതിൻെറ പണി നിറുത്തി വച്ചില്ല. ശില്പികൾ തുടർന്നു പണിയു കൊണ്ടിരുന്നു. മനോഹരമായ മററൊരു സ്മാരകം കൂടി ഗ്രീസിനു ലഭിച്ചു.

ഈ സ്മാരകത്തിനു് 42 മീററർ ഉയരമുണ്ടായിരുന്നു. 140 മീറററായിരുന്നു അതിൻെറ ചുററളവു്. അഞ്ചു പ്രധാന ഭാഗങ്ങളായി അതു വിഭജിക്കപ്പെട്ടിരുന്നു പച്ച നിറത്തിലുള്ള ശിലകൾ കൊണ്ടാണു അതിൻെറ അസ്ഥിവാരം കെട്ടിയിരുന്നതു്. ചുററും അനേകായിരം പ്രതിമകൾ സ്ഥാപിച്ചിരുന്നു. ഈ സ്മാരകമന്ദിരത്തിൻെറ ഏററവും ഉള്ളിലെ തളത്തിലായിരുന്നു രാജാവിൻെറ ശവശരീരം അടക്കം ചെയ്തിരുന്നതു്. ഒരു വലിയ പാറകൊണ്ടു് ആ ശവപ്പെട്ടി ഭദ്രമായി മൂടിയിരുന്നു. മുപ്പത്തിയാറു തൂണുകളുള്ള ഒരു ഹാളായിരുന്നു ഇതിനുചുററും. ഈ രണ്ടു തൂണുകളുടെ മദ്ധ്യേ ഓരോ പ്രതിമ വീതം സ്ഥാപിച്ചിരുന്നു. കൊത്തുപണികൾ കൊണ്ടു വളരെ മനോഹരമായിരുന്നു ആ തൂണുകൾ. പല ചരിത്ര സംഭവങ്ങളും അവയിൽ ചിത്രീകരിച്ചിരുന്നു. അവയിൽ വളരെ മനോഹരമായിരുന്നു ഗ്രീക്കുകാരും ആമസാൺ

വർഗ്ഗക്കാരും തമ്മിൽ നടന്ന യുദ്ധത്തിന്റെ ചിത്രം. ആ ചിത്രത്തിന്റെ രചനയിൽ ചുവപ്പു ചായവും നീലച്ഛായവും ഉപയോഗിച്ചിരുന്നു.

ലോക പ്രസിദ്ധമായ രഥങ്ങളുടെ ശില്പം പിത്തിയസ് ഈ സ്മാരകത്തിലാണു നിർമ്മിച്ചിരുന്നതു്. തടിച്ചു കൊഴുത്ത നാലു കുതിരകളെ ഇതിൽ പൂട്ടിയിരുന്നു. അലക്സാണ്ടർ ചക്രവർത്തിയുടെ കുതിരയായ ബ്യൂസിഫേലസിന്റെ ആകൃതിയാണു ഈ കുതിരകൾക്കുണ്ടായിരുന്നതു്. നാലു കുതിരകൾ ചേർന്നു ഒരു രഥം വലിച്ചു മുന്നോട്ടു നീങ്ങുന്നു. ഈ രഥത്തിനുള്ളിൽ ഒരു സ്ത്രീയുടേയും പുരുഷന്റേയും പ്രതിമകൾ സ്ഥാനം പിടിച്ചിരുന്നു. ഏകദേശം മൂന്നു മീററോളമായിരുന്നു ഈ പ്രതിമകളുടെ ഉയരം. അതിലെ പുരുഷന്റെ പ്രതിമ മസോളസ് രാജാവിന്റേതെന്നാണു സങ്കല്പം. ആ രഥത്തിലെ സ്ത്രീ രൂപം ആർട്ടിമിഷ്യാ രാജ്ഞിയുടേതാണു്. അവർ തന്നെയാണു രഥം ഓടിക്കുന്നതും. ഭർത്താവിനെ രഥത്തിൽ ഇരുത്തി സ്വർഗ്ഗത്തിലേക്കു അവർ രഥം നയിക്കുന്നുവെന്നാണു സങ്കല്പം. മററു വിധത്തിൽ വിശ്വസിക്കുന്നവരുമുണ്ടു്. ഈ രഥത്തിൽ സ്ഥാപിച്ചിരുന്ന സ്ത്രീ രൂപം മസോളസ് രാജാവു് ആരാധിച്ചിരുന്ന ദേവതയായിരുന്നു പോലും. അദ്ദേഹത്തെ സ്വന്തം രഥത്തിൽ അവർ സ്വർഗ്ഗത്തിലേക്കു കൊണ്ടു പോവുകയാണു്.

മനോഹരമായിരുന്ന ഈ ശവകുടീരവും തകർന്നു. ഇതിന്റെ പല അവശിഷ്ടങ്ങളും ഇപ്പോൾ ലഭിച്ചിട്ടുണ്ടു്. പല കമനീയ വസ്തുക്കളും അവയിൽ ഉൾപ്പെടുന്നു. മനുഷ്യാകൃതിയിലുള്ള പന്ത്രണ്ടു പ്രതിമകളും പലതരം മൃഗങ്ങളുടെ പ്രതിമകളും ഇവയിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്ന ശില്പങ്ങളാണു്. സിംഹത്തിന്റെ ഇരുപതു രൂപങ്ങൾ അവിടെ നിന്നു് ലഭിച്ചിട്ടുണ്ടു്.

ചുവപ്പു നിറത്തിലും തവിട്ടു നിറത്തിലും ഉള്ള ചായങ്ങൾ കൊണ്ടു അവയുടെ മോടി വർദ്ധിപ്പിച്ചിരുന്നതായി കാണാം. ശവകുടീരത്തിനു കാവൽ നിന്ന മട്ടിലാണു അവ സ്ഥാപിച്ചിരുന്നതു്. നിൽക്കുന്ന രൂപത്തിലാണു അവ നിർമ്മിച്ചിരുന്നതും. ഈ അവശിഷ്ടങ്ങളിൽ പലതും ഇന്നു ബ്രിട്ടീഷ് കാഴ്ച ബംഗ്ളാവിൽ സൂക്ഷിച്ചിരിക്കുന്നു.

ഈ അവശിഷ്ടങ്ങൾ നഷ്ടപ്പെട്ടാലും മൗസോളസ് രാജാവിനെക്കുറിച്ചു ലോകത്തിനുള്ള ഓർമ്മ നഷ്ടപ്പെടാൻ പോകുന്നില്ല. അതിനു കാരണം "മൗസോളിയം" എന്ന പദം ജനങ്ങളുടെ ചുണ്ടിൽ മറയാതെ നിൽക്കുന്നുവെന്നുള്ളതാണു്. ഭീമാകൃതിയിലുള്ള ഒരു ശവകുടീരത്തെയോ ഒരു വലിയ സ്മാരകത്തെയോ സൂചിപ്പിക്കുന്നതിനു ഇന്നു ഇംഗ്ലീഷ് ഭാഷയിൽ ഉപയോഗിക്കുന്ന പദമാണ് "മൗസോളിയം". അങ്ങനെ ഒരു പുതിയ പദം തന്നെ അദ്ദേഹത്തിന്റെ സ്മാരകമായി ഭാഷയിൽ ഉണ്ടായിരിക്കുന്നു.

# 5

# റോഡ്സിലെ സൂര്യദേവന്റെ പ്രതിമ

ഗ്രീസിനു ചുററും കിടക്കുന്ന ഈജിയൻ സമുദ്രത്തിൽ നിരവധി ദ്വീപുകളുണ്ടു്. അവയിൽ ഏററവും കിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്ന ദ്വീപാണു് റോഡ്സ്. കേറിയാ ദ്വീപിനു തൊട്ടു തെക്കുവശത്താണു് ഇതിന്റെ സ്ഥാനം. ചിത്രകലയിലും കൊത്തുപണിയിലും മികച്ച സംഭാവനകൾ നൽകിയ മഹാന്മാർ അവിടെ ജീവിച്ചിരുന്നു. വിശ്രുതരായ പല കലാകാരന്മാർക്കും ജന്മം നൽകുവാനുള്ള ഭാഗ്യം റോഡ്സിനു ഉണ്ടായി. ഈ റോഡ്സ് ദ്വീപിലാണു് സൂര്യന്റെ ഭീമാകൃതിയിലുള്ള പ്രതിമ സ്ഥാപിച്ചിരുന്നതു്. ഇതിന്റെ പൊക്കം ഏകദേശം 34 മീറററോളമുണ്ടായിരുന്നു.

ഭീമാകൃതിയിലുള്ള പ്രതിമാനിർമ്മാണം ആ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. ഉയരം കൂട്ടുന്തോറും പ്രതിമയുടെ മഹത്വം വർദ്ധിക്കുമെന്നായിരുന്നു ഗ്രീക്കു ജനതയുടെ അന്നത്തെ വിശ്വാസം. യേശുക്രിസ്തുവിന്റെ ജനനം വരെ ഇത്തരത്തിൽ വലിയ ആകൃതിയിലുള്ള പ്രതിമകളാണു് പല സ്ഥലത്തും നിർമ്മിച്ചിരുന്നതു്. കലാമിസ് നഗരത്തിലെ അപ്പോളോ ദേവന്റെ പ്രതിമ. റാൻടൺ പട്ടണത്തിലെ ജൂപിററുടേയും ഹെർക്കുലീസിന്റേയും പ്രതിമകൾ, ആതൻസ് നഗരത്തിലെ അത്തെനാ ദേവിയുടെ പ്രതിമ, ഒളിമ്പിയായിലെ

സ്യൂസ് ദേവന്റെ പ്രതിമ എന്നിവ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. വിശ്രുത കലാകാരന്മാരായിരുന്ന ലിസിപ്പസിന്റേയും ഫിദിയാസിന്റേയും സൃഷ്ടികളാണു് അവയിൽ പലതും. ഇവയിൽ ഏററവും വലുതു് റോഡ്സിൽ സ്ഥാപിച്ചിരുന്ന സൂര്യദേവന്റെ പ്രതിമയാണു്.

റോഡ്സിലെ ജനങ്ങളുടെ ഇഷ്ടദേവത സൂര്യനായിരുന്നു. ദേവന്മാർക്കും മനുഷ്യർക്കും പ്രകാശം നൽകുന്ന ദേവതയായി അവർ സൂര്യദേവനെ കരുതി. റോഡ്സിലെ മാത്രമല്ല, ഗ്രീസിന്റെ പല ഭാഗത്തുമുള്ള ജനങ്ങൾ സൂര്യനെ ആരാധിച്ചിരുന്നു. അവർ ആ ദ്വീപിനെത്തന്നെ സൂര്യദേവനു സമർപ്പിച്ചു ഭക്തി പ്രദർശിപ്പിച്ചു.

വർഷം തോറും അവർ ദേവന്റെ പേരിൽ മത്സരക്കളികളും ഉത്സവങ്ങളും നടത്തിവന്നു. ഇവയ്ക്കുവേണ്ടി ധാരാളം ധനം ചെലവാക്കുന്നതിൽ അവക്കു യാതൊരു ക്ലേശവും ഉണ്ടായിരുന്നില്ല. വർഷങ്ങൾ പലതു കഴിഞ്ഞപ്പോൾ ധനം ഉണ്ടാക്കേണ്ട മാർഗ്ഗം അവർക്കു കണ്ടുപിടിക്കേണ്ടതായി വന്നു. അതിനൊരു വഴി അവർ കണ്ടെത്തി. കുറേ വർഷങ്ങൾക്കു മുമ്പു് ഡെമിട്രിയസ് എന്ന ശത്രുരാജാവു് റോഡ്സ് ആക്രമിച്ചിരുന്നു. സമരവീര്യം നിറഞ്ഞ റോഡ്സ് ജനതയെ തോല്പിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല. ആ ദേശാഭിമാനികൾ വീറോടു കൂടി യുദ്ധം ചെയ്തു. സ്വന്തം പ്രാണനെ രക്ഷിക്കുന്നതിനുവേണ്ടി അയാൾ യുദ്ധക്കളത്തിൽ നിന്നു് പിന്തിരിഞ്ഞോടി. യുദ്ധ സാമഗ്രികൾ പലതും ഉപേക്ഷിച്ചു പോകുവാൻ അയാളുടെ ഭടന്മാർ നിർബന്ധിതരായി. കുറേക്കാലം ആ ആയുധങ്ങൾ മഞ്ഞും മഴയുമേററു അവിടെക്കിടന്നു. അവ മുഴുവനും റോഡ്സുകാർ വിദേശ വ്യാപാരികൾക്കു വിററു. ആ ഇനത്തിൽ വളരെ ധനം അവക്കു ലഭിക്കുകയുണ്ടായി.

യേശുക്രിസ്തുവിനു മൂന്നു നൂററാണ്ടുകൾക്കു മുമ്പ് ലിഡൻസിൽ ജീവിച്ചിരുന്ന ഒരു പ്രസിദ്ധ ശില്പിയായിരുന്നു ചാറൽസ്. ലോഹങ്ങളിൽ മാലാഖമാരെ ഒപ്പിയെടുക്കുവാൻ കഴിവുണ്ടായിരുന്ന ആ കലാകാരൻ അന്നു ഗ്രീസ്സിൽമുഴുവൻ അറിയപ്പെട്ടിരുന്നു. ഗ്രീസ്സിൽ ജീവിച്ചിരുന്ന പ്രതിമാ ശില്പികളിൽ ഏററവും പ്രസിദ്ധനും അദ്ദേഹം തന്നെയായിരുന്നു.

സൂര്യദേവന്റെ പ്രതിമ ചാറൽസ് വെളുത്തീയത്തിൽ വാർത്തെടുത്തു. ഭീമാകൃതിയിലുള്ള ഒരു പ്രതിമ! അതിൽ ഗ്രീസിന്റെ കലാസൗന്ദര്യം നിറഞ്ഞിരുന്നു. ഗ്രീക്കു പ്രതിമാ നിർമ്മാണ കലയുടെ വിശിഷ്ടമായ മറെറാരു സംഭാവന കൂടിയായിരുന്നു അതു്. തെളിഞ്ഞ നീലാകാശത്തിന്റെ കീഴിൽ സൂര്യദേവന്റെ ചെങ്കതിരുകൾ തട്ടി വെട്ടിത്തിളങ്ങിയിരുന്ന ആ പ്രതിമ എന്തൊരു സുന്ദര വസ്തുവായിരുന്നു! നറു നിലാവിൽ മുങ്ങിക്കുളിച്ചു കൊണ്ടു നിന്നിരുന്ന ആ പ്രതിമ എന്തൊരു കലാവിരുന്നാണു കാണികൾക്കു ഒരുക്കിക്കൊടുത്തിരുന്നതു്!

ഈ പ്രതിമയുടെ നിർമ്മാണത്തിനു രണ്ടു ലക്ഷത്തി നാല്പത്തി മൂവായിരത്തി എഴുനൂററി അമ്പത്തിയഞ്ചു പവൻ ചെലവായതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ ലോഹ പ്രതിമയ്ക്കു് ഉദ്ദേശം 37 മീററർ പൊക്കവും പൊക്കത്തിനുതക്ക വണ്ണവും ഉണ്ടായിരുന്നു. ഈ പ്രതിമയുടെ ഓരോ വിരലും മററു മിക്കപ്രതിമകളെക്കാളും വലുതായിരുന്നുവെന്നു പറഞ്ഞാൽ ഇതിന്റെ ഭീമാകൃതി നമുക്കു ഊഹിക്കുവാൻ കഴിയും.

തുറമുഖത്തിന്റെ പ്രവേശന മാർഗ്ഗത്തിന്റെ മുമ്പിലാണു സൂര്യദേവന്റെ ഈ ഊക്കൻ പ്രതിമ സ്ഥാപിച്ചിരുന്നതു്. ഈജിയൻ കടലിന്റെ തിരമാലകളെ ഉററു നോക്കിക്കൊണ്ടു് അതു അങ്ങനെ നിന്നു. കരയിൽ നിന്നു് വളരെ അകലെക്കൂടെ സഞ്ചാ

രിച്ചിരുന്ന കപ്പലുകൾക്കു പോലും ഈ പ്രതിമ കാണാമായിരുന്നു. പ്രവേശന മാർഗ്ഗത്തിന്റെ ഇരുവശങ്ങളിലുമായിട്ടാണു് ഈ പ്രതിമയുടെ കാലുകൾ ഉറപ്പിച്ചിരുന്നതു്. തുറമുഖത്തിന്റെ ഉള്ളിൽ പ്രവേശിച്ചിരുന്ന കപ്പലുകൾ ഈ പ്രതിമയുടെ കാലുകൾക്കിടയിൽക്കൂടി കടന്നു പോയിരുന്നു! അതു പോലെ തിരിച്ചു പോകുന്ന കപ്പലുകളും. ഈ പ്രതിമയുടെ വലതു കൈയിൽ ഒരു വലിയ വിളക്കു പിടിപ്പിച്ചിരുന്നു. ഷേക്സ്പിയർ എന്ന വിശ്വമഹാകവി ജൂലിയസ് സീസർ എന്ന നാടകത്തിൽ ഈ ഉരുക്കൻ പ്രതിമയെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. "നമ്മെപ്പോലുള്ള നിസ്സാര മനുഷ്യർ കൊളോസസ്സിന്റെ കാലുകൾക്കിടയിൽക്കൂടി സഞ്ചരിക്കുന്നു." ഇതാണു അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു്.

വളരെയധികം ധനം ചെലവു ചെയ്തു നിർമ്മിച്ച ഈ പ്രതിമ ഏറെക്കാലം നിലനിന്നില്ല. അമ്പതു വർഷം മാത്രമേ അതിനു് ആയുസ്സു് ഉണ്ടായുള്ളൂ. ക്രിസ്തുവിനു രണ്ടു നൂററാണ്ടിനു മുമ്പുണ്ടായ ഒരു ഭൂമി കുലുക്കം മൂലം ഈ പ്രതിമ മറിഞ്ഞു കടലിൽ വീണു. നുറുനുറു കഷണങ്ങളായി അതു പൊട്ടിത്തകർന്നു. അടുത്ത തൊള്ളായിരത്തോളം വർഷം ആ കഷണങ്ങൾ അവിടെത്തന്നെ കിടന്നു. ഒടുവിൽ അവ ഉരുക്കി ലോഹമാക്കുന്നതിനും അതിൽ നിന്നു് യുദ്ധോപകരണങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടി അറബികൾ അവയെ വിലയ്ക്കു വാങ്ങി. തുറമുഖത്തു നിന്നു് അവ ചുമന്നു കൊണ്ടു പോകുന്നതിനു് 980 ഒട്ടകങ്ങളെ അവൎക്കു ഉപയോഗിക്കേണ്ടതായി വന്നു.

ഭീമാകൃതിയിലുള്ള ആ പ്രതിമയും തകർന്നു. എങ്കിലും ഒരു അത്ഭുതവസ്തുവായി ലോകമെങ്ങുമുള്ള മനുഷ്യരുടെ ഓർമ്മയിൽ അതു ഇന്നും തങ്ങി നിൽക്കുന്നു.

MUNAVVIRUL ISLAM HIGH SCHOOL
Date
ERNAKULAM

# 6

# ഈജിപ്തിലെ ശവകുടീരങ്ങൾ

കാലത്തിന്റെ വിനാശക ശക്തി അത്ഭുതാവഹമാണു്. അതിനെ അതിലംഘിച്ചുകൊണ്ടു ഇന്നും, തല പൊക്കിപ്പിടിച്ചു നിൽക്കുന്ന ഭൂലോകവിസ്മയമാണു ഈജിപ്തിലെ ശവകുടീരങ്ങൾ. ശവകുടീരങ്ങളുടെ നാടാണു ഈജിപ്തു്. നൈൽ നദിയുടെ കരയിൽ എൺപതോളം ശവകുടീരങ്ങൾ ഉണ്ടു്. അവയിൽ ഏററവും വലുതു് കിയോപ്സിന്റെ ശവകുടീരമാണു്. പുരാതന യുഗത്തിലെ ഏഴു അത്ഭുതങ്ങളിൽ ഏററവും പ്രസിദ്ധമാണതു്. മററു അസ്ഥിമാടങ്ങളേക്കാൾ കൂടുതൽ കാലപ്പഴക്കം ഇതിനുണ്ടു്. ഇന്നും ആയിരക്കണക്കിനു് സന്ദർശകരെ ആകർഷിച്ചു കൊണ്ടു് അതു നിലകൊള്ളുന്നു.

ക്രിസ്തുവിനു് ഏകദേശം 4700 വർഷങ്ങൾക്കു മുമ്പു് കിയോപ്സ് ഈജിപ്തു ഭരിച്ചിരുന്നു. ഏകദേശം അൻപതു വർഷക്കാലം അദ്ദേഹത്തിന്റെ ഭരണം നീണ്ടുനിന്നു. കുഫു എന്നാണു ഈജിപ്ഷ്യൻ ഭാഷയിൽ അദ്ദേഹത്തിന്റെ നാമധേയം. കിയോപ്സാണു ഏററവും വലിയ ശവകുടീരം നിർമ്മിച്ചതു്. അക്കാരണത്താൽ അദ്ദേഹം ലോകത്തിൽ എന്നെന്നും ഓർമ്മിക്കപ്പെടും.

തലസ്ഥാന നഗരമായ കയ്റോയിൽ നിന്നു് ഏകദേശം 16 കിലോമീററർ അകലെ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമപ്രദേശമാണു്

ഗീസെ (Gizeh). അതിന്റെ മുമ്പിൽ ഏകദേശം ഒരു കിലോമീററ റോളം നീളമുള്ള ഒരു മണലരണ്യം സ്ഥിതിചെയ്യുന്നു. ഈജിപ്റ്റി ലെ പിരമിഡുകളും അസ്ഥിമാടങ്ങളും അവിടെയാണു നിർമ്മിച്ചി രിക്കുന്നതു്. ഈ ഭൂലോകത്തിലെ ഏററവും വിസ്മയകരമായ സ്ഥലം അതാണെന്നുപറയുന്നതിൽ തെററില്ല.

ഏററവും അദ്ഭുതകരമായ വിധത്തിലാണു് ശവകുടീര ങ്ങൾ നിർമ്മിച്ചിട്ടുള്ളതു്. അവയിലെ വഴിത്താരകളും തള ങ്ങളും ഒഴിച്ചാൽ ബാക്കിയുള്ള ഭാഗങ്ങൾ മുഴുവനും വളരെ ബല മുള്ള സാധന സാമഗ്രികൾ ഉപയോഗിച്ചാണു ഉണ്ടാക്കിയിരു ന്നതു്. അറുപത്തിയാറു നൂററാണ്ടുകൾക്കു മുമ്പു് കേവലം കൈ കൾ കൊണ്ടു സൃഷ്ടിച്ചവയാണു ഈ ശവകുടീരങ്ങൾ. ഇന്നത്തെ പരിഷ്കൃത മനുഷ്യനു യന്ത്ര സഹായം കൊണ്ടുപോലും ഇത്തരം അത്ഭുതങ്ങൾ നിർമ്മിക്കുവാൻ സാധ്യമാണോ എന്നു് സംശയ മാണു്. അത്രയും അവ സുശക്തങ്ങളാണു്; അത്രമേൽ സുന്ദര ങ്ങളാണു്.

കഴിഞ്ഞ അറുപത്തിയാറു നൂററാണ്ടുകളിൽ സഹാറയി ലെ ഉഗ്രമായ ചുഴലിക്കാററുകൾ മണൽ വാരിച്ചൊരിഞ്ഞ് അവയുടെ നേർക്കു ഉഗ്രക്കോടെ എറിഞ്ഞിട്ടുണ്ടു്. അലറിക്കൊണ്ടു കൊടു ങ്കാററുകൾ അവയുടെ അഗ്രങ്ങളെ പിടിച്ചു കുലുക്കാനും ശ്രമിച്ചി ട്ടുണ്ടു്. എങ്കിലും ഇന്നും യാതൊരു കേടും സംഭവിക്കാതെ അവ നിലനിൽക്കുന്നു.

ആ ശവകുടീരങ്ങളുടെ നിർമ്മാണത്തിൽ കാണുന്ന ശി ല്പകലാ വൈദഗ്ദ്ധ്യം ആരെയും അത്ഭുതപ്പെടുത്തും. അവ കെ ട്ടിപ്പൊക്കുവാൻ ഉപയോഗിച്ച പാറക്കഷണങ്ങൾ എങ്ങനെ പരസ്പരം യോജിപ്പിച്ചിരിക്കുന്നു? അതിനു എന്തു സാധനമാ

ണ ഉപയോഗിച്ചതു്. ഈ ചോദ്യങ്ങൾ ഇന്നും ഉത്തരം കണ്ടെത്താതെ അവശേഷിക്കുന്നു.

ഓരോ ശവകുടീരത്തിൻെറയും കിഴക്കുഭാഗത്തു ഓരോ ദേവാലയം നിർമ്മിച്ചിട്ടുണ്ടു്. അവിടെ മരിച്ച രാജാവിനെ പൂജിക്കുന്നു. ഈജിപ്തുകാർ രാജാവിനെ ദൈവമായി ആരാധിച്ചിരുന്നു. രാജാക്കന്മാക്കു അവർ മഹത്തായുള്ള ദൈവങ്ങൾ, എന്ന ബഹുമതിയാണു നൽകിയിരുന്നതു്.

കിയോപ്സിൻെറ ശവകുടീരം 5.2 ഹെക്ടാർ വിസ്താരമുള്ള ഒരു സമതലപ്രദേശത്താണു നിമ്മിച്ചിരിക്കുന്നതു്. അതിനു 233 ചതുരശ്ര മീററർ ചുററളവുണ്ടു്. ഓരോ വശത്തിൻെറയും നീളം 233മീററാണു് അതിനു ഭൂനിരപ്പിൽനിന്നു് ഏകദേശം 146 മീററർ ഉയരമുണ്ടു്. ഈ ശവകുടീരം നിർമ്മിക്കുവാൻ എഴുപതു ലക്ഷം ടൺ കരിങ്കല്ലു് ഉപയോഗിച്ചിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. നാലും അഞ്ചും നിലകളുള്ള ഇരുപത്തിരണ്ടായിരം ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഒരു നഗരം നിർമ്മിക്കുന്നതിനു ഈ കരിങ്കല്ലുകൾ തികയുന്നതാണു്.

ഭീമാകൃതിയിലുള്ള ഈ ശിലകൾ എങ്ങനെ അവിടെ കൊണ്ടുവന്നു? അവയെ എങ്ങനെ ഉയർത്തി അതതു സ്ഥാനങ്ങളിൽ വച്ചു? ഈ വസ്തുതകൾ ഇന്നും വിസ്മയജനകമായി ശേഷിക്കുന്നു.

ഹെറോഡോട്ടസ് എന്ന ചരിത്രകാരൻ ഇങ്ങനെയാണു രേഖപ്പെടുത്തിയിരിക്കുന്നതു്. ഒരു ലക്ഷത്തോളമാളുകൾ ഈ പാറക്കഷണങ്ങൾ ചുമന്നുകൊണ്ടുവരുവാൻ നിയോഗിക്കപ്പെട്ടിരുന്നു. കയ്റോ പട്ടണത്തിൻെറ കിഴക്കു വശത്തു് ധാരാളം പാറക്കെട്ടുകൾ അന്നുണ്ടായിരുന്നു. അവയിൽ നിന്നു് പൊട്ടിച്ചെടുത്ത ഈ പാറകൾ ജലമാർഗ്ഗമായിട്ടാണു കൊണ്ടുവന്നതു്. അന്നു

നെൽ കരകവിഞ്ഞൊഴുകിയ മഴക്കാലമായിരുന്നു. നദിക്കരയിൽ നിന്നു് ശവകുടീരങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്ന സ്ഥലങ്ങളിലേക്കു വഴുതുന്ന പാതകൾ അവർ നിർമ്മിച്ചു. ആ ഊക്കൻ പാറകളെ ഉരുട്ടിയുരുട്ടി അവർ കൊണ്ടു വന്നിരിക്കണം. ഇവ പണിസ്ഥലത്തു എത്തിക്കുന്നതിനു പത്തുവർഷത്തോളം വേണ്ടി വന്നു.

ഒരു ലക്ഷത്തോളം ആളുകൾ നീണ്ട ഇരുപതുവർഷം കൊണ്ടു നിർമ്മിച്ചതാണു ചിയോപ്സിന്റെ ശവകുടീരം. 3500 മുതൽ 4000 വരെ കൂലിവേലക്കാരും അനവധി സാങ്കേതിക വിദഗ്ദ്ധരും ഇതിന്റെ നിർമ്മാണത്തിൽ പങ്കെടുത്തിരുന്നു.

പാറക്കഷണങ്ങൾ കൊണ്ടു കെട്ടിപ്പൊക്കിയ ഈ ശവകുടീരത്തിന്റെ പുറംചുവരുകളിൽ വെള്ള നിറമുള്ള പളുങ്കു കല്ലുകൾ കൊണ്ടു മിനുക്കു പണികൾ ചെയ്തിരിക്കുന്നു. കൃഷ്ണശില കൊണ്ടാണു് അകത്തെ തളങ്ങൾ നിർമ്മിച്ചിരുന്നതു്. ഏററവും ഉള്ളിലെ തളങ്ങൾ നല്ല വെളുത്ത ശിലകൾ പാകി മോടി പിടിപ്പിച്ചിരുന്നു.

ഇത്രയേറെ പിരമിഡുകൾ എങ്ങനെയുണ്ടായി? മരിക്കുന്ന ഓരോ രാജാവിനും ഓരോ ശവകുടീരം ഉണ്ടാക്കുകയെന്നതായിരുന്നു അന്നത്തെ പതിവു്. ഓരോ രാജാവും തനിക്കുവേണ്ടി ഓരോ ശവകുടീരവും ജീവിച്ചിരിക്കുമ്പോൾ തന്നെ നിർമ്മിച്ചു വയ്ക്കും. ഒററയ്ക്കു സംസ്ക്കരിക്കപ്പെടുവാൻ ഓരോ ഈജിപ്തുകാരനും ഇഷ്ടപ്പെടുന്നു. മററു ശവകുടീരങ്ങളിൽ നിന്നു് അകന്നു് ഒററയ്ക്കു അതു നിലകൊള്ളണമെന്നും അവർക്കു് പ്രത്യേകതാത്പര്യമുണ്ടായിരുന്നു. ശവശരീരത്തോടൊപ്പം നിക്ഷേപിക്കപ്പെടുന്ന സ്വർണ്ണവും രത്നക്കല്ലുകളും ചോരന്മാർ കവർന്നു കൊണ്ടു പോകുമെന്നുള്ള ഭയം അവർക്കു് ഓരോരുത്തർക്കുമുണ്ടായിരുന്നു.

അതിനാൽ ശവകുടീരങ്ങളുടെ ഹൃദയഭാഗത്താണ് ശവം സംസ്കരിക്കുവാനുള്ള കുടീരങ്ങൾ നിർമ്മിച്ചിരുന്നത്. അവ ഭൂ നിരപ്പിൽ നിന്ന് വളരെ ആഴത്തിൽ ആയിരുന്നു. വടക്കുദിക്കിൽ നിന്ന് ഉള്ളിലേക്കു ഇറങ്ങിപ്പോകുവാൻ ഒരുവഴി എല്ലാ ശവകുടീരങ്ങളിലും നിർമ്മിച്ചിരുന്നു. ബന്ധുക്കളും പുരോഹിതന്മാരുമൊഴികെ മററാർക്കും ആ വഴിയിക്കൂടി സഞ്ചരിക്കാനോ ശവപ്പെട്ടി തുറന്നു ശവശരീരം കാണുവാനോ അനുവാദമില്ലായിരുന്നു. കിയോപ്സിൻെറ ശവകുടീരത്തിലെ പ്രവേശനപ്പാത ഏകദേശം 91 മീററർ ആഴത്തിൽ കുഴിച്ചാണു ഉണ്ടാക്കിയിരുന്നത്. ശവശരീരം നിക്ഷേപിച്ചിരുന്ന ഭാഗം "രാജാവിൻെറ തളം" എന്ന പ്രത്യേകം പേരിൽ അറിയപ്പെടുന്നു. ഒരുമീററർ പൊക്കവും ഏകദേശം മൂന്നുമീററർ വീതിയുമുള്ള ഒരു വാതിൽ ഇതിനു വടക്കേഭാഗത്തുണ്ട്. വളരെ ആഴത്തിലുള്ള ആ വാതിൽ തുറന്നു ശവകുടീരത്തിൻെറ ഉള്ളിൽകടക്കുവാൻ കള്ളന്മാക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല.

കിയോപ്സിൻെറ ശവക്കല്ലറയുടെ ചുവരുകളും മററും ചുവന്ന ശിലകൾ കൊണ്ടാണു നിർമ്മിച്ചിട്ടുള്ളത്. അതിൻെറ ഉള്ളിൽ മദ്ധ്യഭാഗത്തു ശവശരീരം അടക്കം ചെയ്ത ശവപ്പെട്ടി സ്ഥാപിച്ചിരിക്കുന്നു. ശിലകൊണ്ടു നിർമ്മിച്ച ശവപ്പെട്ടിയുടെ ഉള്ളിൽ തടി കൊണ്ടുണ്ടാക്കിയ മറെറാരു ശവപ്പെട്ടിയുണ്ട്. അതിലാണ് രാജാവിൻെറ ശവശരീരം അടക്കം ചെയ്തിരിക്കുന്നത്. മേൽക്കൂര നിർമ്മിക്കുന്നതിനു മുമ്പ് പാറകൊണ്ടുള്ള ആ ഉരുക്കൻ ശവപ്പെട്ടി ആ അറയ്ക്കുള്ളിൽ നിക്ഷേപിച്ചിരിക്കണം. ആ അറയുടെ വാതിൽ അത്രയ്ക്കു ചെറുതാണ്. അങ്ങനെ തൻെറ ശവപ്പെട്ടി ഒരിക്കലും ആരും നീക്കം ചെയ്യരുതെന്നുള്ള കിയോപ്സിൻെറ ആഗ്രഹം പൂർണ്ണമായി സാധിച്ചിരിക്കുന്നു.

കിയോപ്സിൻെറ ശവക്കല്ലറയുടെ മുകളിൽ അഞ്ചു മുറികളും മററും ഉള്ള ഒരു മന്ദിരം നിർമ്മിച്ചിരുന്നു. ഇതിനോടു

ചേൻറ രണ്ടു പ്രത്യേകതളങ്ങളുമുണ്ടു്. അതിൽ ഒന്നു തൻെറ രാജ്ഞിയെ ഉദ്ദേശിച്ചുണ്ടാക്കിയതാണു്. ആ രണ്ടു തളങ്ങളുടേയും നിർമ്മാണത്തിൽ ചുവന്ന ശിലകൾ മാത്രമാണു ഉപയോഗിച്ചിട്ടുള്ളതു്. ആ രണ്ടു തളങ്ങളും കൈപ്പിടി വച്ചുറപ്പിച്ച പാറക്കഷണങ്ങൾ കൊണ്ടു ഭദ്രമായി അടച്ചിരിക്കുന്നു.

ശവകുടീരങ്ങളുടെ അകത്തെ തളത്തിൽ നിരവധി പ്രതിമകളും പാത്രങ്ങളും വെറും നിലത്തു ചിതറിക്കിടക്കുന്നതു കാണാം. ആ പ്രതിമകളും പാത്രങ്ങളും ഭംഗിയായി ചായം പിടിപ്പിച്ചവയാണു്. മരണ ശേഷവും ജീവിതത്തിലെന്നപോലെ ഇത്തരം സാധനങ്ങൾ ആത്മാവിനു ആവശ്യമാണെന്നു ഈജിപ്തുകാർ ഇന്നും വിശ്വസിക്കുന്നു. അതു കൊണ്ടാണു ഈ സുന്ദര വസ്തുക്കൾ ശവകുടീരങ്ങളിൽ താത്പര്യപൂർവ്വം നിക്ഷേപിച്ചിരിക്കുന്നതു്.

എരിയുന്ന സൂര്യൻെറ കീഴിൽ നീറുന്ന മരുഭൂമിയുടെ വക്കിൽ തളരാതെ നൂററാണ്ടുകളായി നില കൊള്ളുന്ന ഈ ശവകുടീരങ്ങൾ എന്തത്ഭുത വസ്തുക്കളാണു്! എല്ലാം നശിപ്പിക്കുന്ന കാലത്തിനോടു മനുഷ്യൻ ഉയർത്തിയ ഒരു വെല്ലു വിളിയായി അവ ഇന്നും നിലനിൽക്കുന്നു.

# 7

## ചൈനയിലെ വൻമതിൽ

ഭൂമിയിലെ മനുഷ്യൻ ഇന്നു് ചന്ദ്രഗോളത്തിൽ കാലുകുത്തിയിരിക്കുകയാണല്ലോ. നാളെ അവൻ അവിടെ സ്ഥിര താമസമാക്കിയേക്കും. കുടുംബ ജീവിതം നയിച്ചു മനുഷ്യൻ അവിടെ വിലസും. ഗൃഹത്തിന്റെ മുമ്പിൽ ഒരുദ്യാനം അവൻ സൃഷ്ടിക്കും. സായാഹ്ന വേളയിൽ ഭാര്യാ സമേതം ആ ഉദ്യാനത്തിൽ അവൻ ഉലാത്തും. ഭൂമിയിലേക്കു കണ്ണോടിച്ചു കൊണ്ടു ആ മനുഷ്യ സ്ത്രീ ഭർത്താവിനോടു ചോദിക്കും.

"നോക്കൂ. അങ്ങു്, അവിടെ, ആ ഭൂമിയിൽ വ്യക്തമായി എന്തോ കാണുന്നുണ്ടു്. അതു എന്താണു്? അകലെയുള്ള ഭൂമിയിൽ അതു എന്റെ വെറും കണ്ണുകൾ കൊണ്ടു കാണുവാൻ കഴിയുന്നു. എന്താണതു്?"

അവളുടെ ഭർത്താവു ഉത്തരം പറയും. "അതു ചൈനയിലെ വൻമതിലാണു്. ഭൂമിയിലെ അത്ഭുതങ്ങളിൽ ഒന്നാണു് നീ കാണുന്നതു്. ഭൂമിയിൽ വിലങ്ങനെ ഒരു നീണ്ട രേഖ പോലെ അതു കാണപ്പെടുന്നു, അല്ലേ? ആ ചുവരിനു 2880 കിലോമീറ്റർ നീളമുണ്ടു്. ഏഴരമീറ്റർ വീതിയും 15 മീറ്റർ പൊക്കവും അതിനുണ്ടു്."

"ആ മതിൽ കെട്ടിയുണ്ടാക്കിയതാരാണു്?"

"ഷീഹ്വാന്തി എന്ന ചൈനാ ചക്രവർത്തി. ഏകീകൃത

ചൈനയുടെ ആദ്യത്തെ ചക്രവർത്തിയാണദ്ദേഹം. ചിൻ വംശത്തിലെ ഏററവും ബലവാനായ ചക്രവർത്തി. ചിൻ വംശം ഭരിച്ചതുകൊണ്ടാണ് ആ നാടിന്ന് ചൈന എന്ന പേരു കിട്ടിയത്."

"ഏതു നൂററാണ്ടിൽ അദ്ദേഹം ജീവിച്ചിരുന്നു?"

"ക്രിസ്തുവിനു ഇരുന്നൂറു വർഷങ്ങൾക്കു മുമ്പ്."

"ഈ മതിൽ കെട്ടിപ്പൊക്കാനുള്ള കാരണം?"

"ഹൂണന്മാരുടെ ആക്രമണം തടയുവാൻ."

"എത്ര കാലം കൊണ്ടു ഈ മതിൽ അദ്ദേഹം കെട്ടിത്തീർത്തു?"

"മുപ്പതു വർഷം മുപ്പതിനായിരം പട്ടാളക്കാരെ ഈ ജോലിക്കു അദ്ദേഹം നിയോഗിച്ചു. അവരെ സഹായിക്കുന്നതിനു എണ്ണമററ അടിമകളും. അവരുടെ പണിയുടെ കാലാവധി തീരുമ്പോൾ, ആഹാരം ലാഭപ്പെടുത്തുന്നതിനു വേണ്ടി, എല്ലാപേരേയും വെട്ടിക്കൊന്നുകളയുമായിരുന്നു."

"എന്നിട്ടും ആളുകൾ വേലക്കു വന്നിരുന്നോ?"

"വരാതിരിക്കാൻ പററുമോ? ഷിഹപാന്തി നിർഭയനായ ഭരണാധികാരിയായിരുന്നു. ആ ഭരണത്തിന്റെ മുമ്പിൽ എല്ലാപേരും തല കുമ്പിട്ടിരുന്നു. എത്രയോ നികൃഷ്ടമായ കൃത്യങ്ങൾ അദ്ദേഹം ചെയ്തിരിക്കുന്നു."

"എന്ത്? ആ കോട്ട കെട്ടി പൊക്കാനോ?"

"അതേ, ഈ കോട്ടയുടെ അസ്ഥിവാരമുറയ്ക്കാൻ ആയിരക്കണക്കിനു പച്ച മനുഷ്യരെ അദ്ദേഹം കൊന്നു കുഴിച്ചിട്ടു. ഈ പ്രവൃത്തി 18 വർഷം നീണ്ടുനിന്നു."

"എന്തു കൊണ്ടാണ് ആ ചുമർ കെട്ടിയത്...?"

"മണ്ണു കുഴച്ചാണ് ആ ചുമർ കെട്ടിപ്പൊക്കിയതു്. കരി ങ്കല്ലും ധാരാളം ഉപയോഗിച്ചിട്ടുണ്ടു്. ഓരോ അറുനൂറടിക്കു (182 മീററർ)മിടയ്ക്കു് ചുമരിനേക്കാൾ 12മീററർ ഉയരത്തിൽ ഗോപുര ങ്ങൾ പണിതിട്ടുണ്ടു്. അത്തരത്തിലുള്ള 16,000 ഗോപുരങ്ങൾ ആ വൻമതിലിൽ കാണപ്പെട്ടിരുന്നു."

"എന്തൊരത്ഭുതമാണതു്. ഈ ചുമരു് മനുഷ്യന്റെ കഴി വിന്റേയും ശക്തിയുടേയും അടയാളമാണല്ലോ?"

"സംശയമുണ്ടോ? മനുഷ്യന്റെ കഴിവുകൾ ആർക്കു അളന്നു നോക്കുവാൻ കഴിയും? പ്രപഞ്ച ശക്തിയെ വെല്ലു വിളിച്ചു കൊണ്ടു് മനുഷ്യൻ മുന്നേറുന്നു..."

"ആ മതിൽ ഇന്നും നില നിൽക്കുന്നു, അല്ലേ?"

"അതു് ഇന്നും നില നിൽക്കുന്നു. കഴിഞ്ഞ രണ്ടായിരം വർഷത്തിനുള്ളിൽ പറയത്തക്ക യാതൊരു കേടും അതിനു സംഭ വിച്ചിട്ടില്ല. മനുഷ്യ ശക്തിയുടെ ഗർവ്വു പോലെ അതു തല പൊക്കിപ്പിടിച്ചു മംഗോളിയായുടെ അതിരിൽ നിൽക്കുന്നു. കാല ത്തിന്റെ കുളമ്പടിയേററു് അതു് ഇതുവരേയും ഉടഞ്ഞിട്ടില്ല. ഉറുമ്പുകൾക്കു പോലും ഇഴഞ്ഞു അതിൽ ചാല്യ കീറുവാൻ കഴി ഞ്ഞിട്ടില്ല. മംഗോളിയൻ ചുഴലിക്കാററു് അതിന്റെ മുമ്പിൽ തല കുനിച്ചു കടന്നു പോകേണ്ടി വന്നിട്ടുണ്ടു്. ജെംഗിസ്ഖാനെ ക്കുറിച്ചു നീ കേട്ടിട്ടുണ്ടോ? അദ്ദേഹത്തിന്റെ കുതിര ചാടിക്കട ക്കാത്ത ഒരൊററക്കോട്ട അതു മാത്രമാണു്. 1937—ൽ രണ്ടാം ലോക മഹായുദ്ധത്തിൽ ഈ ചുമരു് ചൈനയ്ക്കു വേണ്ടി യുദ്ധം ചെയ്തു. ജപ്പാന്റെ ആക്രമണങ്ങളിൽ നിന്നു് സ്വന്തം നാട്ടിനെ അതു രക്ഷിച്ചു."

"അപ്പോൾ ഷിഹ്വാന്തി എന്തൊരു മഹാനാണു്!"

"അക്കാര്യത്തിൽ സംശയമില്ല."

"പിന്നെ ഏതു കാര്യത്തിലാണു സംശയം?"

"ഷിഹ്വാങ്തി നിർദ്ദയനായ ഒരു ചക്രവർത്തിയായിരുന്നു. അപ്രിയം തോന്നിയ ആരേയും അദ്ദേഹം വധിച്ചിരുന്നു. പ്രഭുക്കന്മാരെ വധിക്കുകയും അവരുടെ വസ്തു വകകൾ സർക്കാരിലേക്കു മുതൽക്കൂട്ടുകയും ചെയ്തിരുന്നു."

"അദ്ദേഹത്തിന്റെ മരണം എങ്ങനെ സംഭവിച്ചു?"

"നീ ബുദ്ധിശാലിനിയാണ്. മരിക്കാൻ അദ്ദേഹത്തിനു വളരെ ഭയമായിരുന്നു. മരിക്കാതിരിക്കുവാൻ ഒരുപായം കൊട്ടാരത്തിലെ മാന്ത്രിക പണ്ഡിതന്മാർ അദ്ദേഹത്തിനു പറഞ്ഞു കൊടുത്തു."

"ഉപായമോ?......എന്താണതു്?"

"കേൾക്കു, അവർ പറഞ്ഞു കൊടുത്ത ഉപായം ഇതാണ്. അദ്ദേഹം എവിടെ താമസിക്കുന്നുവെന്നു് കാലകിങ്കരന്മാർ അറിയരുതു്. എങ്കിൽ അവൎക്കു ചക്രവർത്തിയെ ബന്ധിച്ചു കൊണ്ടു പോകുവാൻ സാധ്യമല്ലല്ലോ."

"നല്ല മാർഗ്ഗം! അതിനു വേണ്ടി ചക്രവർത്തി എന്തു ചെയ്തു?"

"രാജധാനിയിൽ 270 ഉയൎന്ന കൊട്ടാരങ്ങൾ അദ്ദേഹം നിർമ്മിച്ചു. നീളമുള്ള ഇടനാഴികൾ കൊണ്ടു് അവയെ പരസ്പരം ബന്ധിച്ചു. ആ ഇടനാഴികകളിൽ അനവധി കിണറുകൾ കുഴിച്ചു അവയെ മൂടിയിട്ടു. ആ ഇടനാഴികൾ മുഴുവനും കൊടിക്കൂറകൾ കൊണ്ടും മണികൾ കൊണ്ടും മദ്ദളങ്ങൾ കൊണ്ടും അലങ്കരിച്ചു. ഈ 270 കൊട്ടാരങ്ങളിലും സുന്ദരികളെ കൊണ്ടു വന്നു നിറക്കുവാനും അദ്ദേഹം കല്പന കൊടുത്തു.

"അദ്ദേഹം ഇതുവരെയും മരിച്ചിട്ടില്ലേ?"

"മരണത്തെ ജയിക്കാൻ മാന്ത്രികശക്തിയുള്ള ഒരു മീൻ പിടിക്കുവാൻ അദ്ദേഹം കടൽത്തീരത്തുകൂടി ഒരിക്കൽ യാത്രയായി. ഒരു വലിയ മീൻ അദ്ദേഹം പിടിച്ചെടുത്തു. പക്ഷേ അതിന്റെ മൂന്നാം ദിവസം ഷിഹ്വാന്തി മരിച്ചു."

"എന്തു്? അദ്ദേഹം മരിച്ചോ?"

"അതേ, മരിച്ചു 49-ാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു."

"അദ്ദേഹത്തിന്റെ ശവസംസ്കാരം ആരു നിർവ്വഹിച്ചു?"

"അദ്ദേഹത്തിന്റെ മൃതദേഹം ആഘോഷങ്ങളോടുകൂടി ചെമ്പിൽപണിത ഒരു ശവക്കല്ലറയിൽ നിക്ഷേപിച്ചു. 600 സുന്ദരിപ്പെൺ കുട്ടികളെ കൊന്നു അദ്ദേഹത്തിന്റെ മൃതദേഹത്തോടൊപ്പം കുഴിച്ചിട്ടു."

"അങ്ങനെ ചെയ്യണമെന്നു് അദ്ദേഹം നേരത്തേ കല്പിച്ചിരുന്നോ?"

"അതേ കല്പിച്ചിരുന്നു. ചൈനക്കാർ പൂർവ്വികരെ ആരാധിച്ചിരുന്നു. അവരുടെ അവസാനത്തെ ആഗ്രഹം നിറവേറേണ്ടതു് തങ്ങളുടെ കർത്തവ്യമാണെന്നു് അവർ വിശ്വസിച്ചിരുന്നു.

"അദ്ദേഹത്തിനു മറെറാരു ആഗ്രഹം കൂടെ ഉണ്ടായിരുന്നു."

"എന്താണതു്?"

"അതോ? ചൈനയിലെ ചക്രവർത്തി ഭരണം തന്നിൽനിന്നു് ആരംഭിച്ചതായി ചരിത്രകാരന്മാർ രേഖപ്പെടുത്തണം. അതൊരന്തസ്സല്ലേ?"

"അദ്ദേഹത്തിന്റെ ചിൻവംശം എത്രകാലം നീണ്ടുനിന്നു?"

"ഷിഹ്വാന്തിയുടെ മരണ ശേഷം നാലേ നാലു വർഷം കൂടി. ആ വംശത്തിൽപ്പെട്ട പത്തു രാജകുമാരന്മാരേയും ആറു രാജകുമാരിമാരേയും പൊതു നിരത്തിൽ വച്ചു് വെട്ടിക്കൊന്നു. അങ്ങനെ ചിൻവംശം അവസാനിച്ചു."

"അപ്പോൾ അദ്ദേഹത്തിന്റെ ശാശ്വത സ്മാരകമാണല്ലോ ചൈനയിലെ വൻമതിൽ?"

"അതേ, സംശയമില്ല. ഷിഹ്വാന്തി തനിക്കു വേണ്ടി നിർമ്മിച്ച ഒരു ശാശ്വത സ്മാരകമാണു ഈ വൻമതിൽ. ലോകത്തിനു ഒരു അത്ഭുത വസ്തുവായി അതു ഇന്നും നിലനിൽക്കുന്നു."

Printed at Subash Printing Works palayam Tvm-1

Date
ERNAKULAM